# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD18/1366/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD18/1366/21 തീയ്യതി: 28/12/2021

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.പി.സരിത, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആർ.രഞ്ജിത്, ഓഡിറ്റർ
ശ്രീ.ഗീത.കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.കെ.സുകുമാരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |
| ശ്രീ.എസ്.വിഘ്നേഷ് | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ.പ്രദീഷ്.പി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 15-05-2020 |
| ശ്രീ.ഇ.ഷാജഹാൻ | സെക്രട്ടറി | 16-05-2020 | 10-06-2020 |
| ശ്രീ..ജി.ഹരിദാസ് | സെക്രട്ടറി | 11-06-2020 | 14-06-2020 |
| ശ്രീ.ഇ.ഷാജഹാൻ | സെക്രട്ടറി | 15-06-2020 | 08-01-2021 |
| ശ്രീ.പ്രദീഷ്.പി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-01-2021 | 16-02-2021 |
| ശ്രീ.എൻ.സുരേന്ദ്രൻ | സെക്രട്ടറി | 17-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.പി.പ്രദീഷ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സുഭാഷിണി.എം | ഐ.സി.ഡി.എ.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലിസി.കെ.എ | എച്ച്.എം | 01-04-2020 | 31-03-2021 |
| ശ്രീ.രവീന്ദ്രൻ | വി.ഇ.ഒ-1 | 01-04-2020 | 14-10-2020 |
| ശ്രീമതി.കവിത.കെ | വി.ഇ.ഒ-1 | 15-10-2020 | 31-03-2021 |
| ശ്രീ.സിജു.കെ | വി.ഇ.ഒ-2 | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വതി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-10-2020 | 19-01-2021 |
| ശ്രീ.സുരേഷ്കുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-01-2021 | 31-03-2021 |
| ഡോ.കീർത്തി അശോകൻ | മെഡിക്കൽ ഓ ഫീസർ(FHC) | 01-04-2020 | 31-03-2021 |
| ഡോ.ജാസ്മലക്ഷ്മി.വി | മെഡിക്കൽ ഓഫീസർ(ISM) | 01-04-2020 | 12-02-2021 |
| ഡോ.സ്മിനി.ജെ | മെഡിക്കൽ | 13-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ISM) | | |
| ഡോ.അലന്റീന | വെറ്ററിനറി സർജ്ജൻ | 01-04-2020 | 28-06-2020 |
| ഡോ.സൂസൻ വർഗ്ഗീസ് | വെറ്ററിനറി സർജ്ജൻ | 29-06-2020 | 31-03-2021 |
| ശ്രീ.രാമനാരായണൻ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കാവ്യ.കെ.കുമാർ | അസി.എഞ്ചിനിയർ | 01-04-2020 | 13-09-2020 |
| ശ്രീ.രമേഷ്.എം | അസി.എഞ്ചിനിയർ | 14-09-2020 | 27-09-2020 |
| ശ്രീമതി.കാവ്യ.കെ.കുമാർ | അസി.എഞ്ചിനിയർ | 28-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 05-10-2021)<br>Last Updated By: Geetha K (Auditor, On 06-11-2021) | 1-2 |
| 4 | വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Geetha K (Auditor, On 06-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-6 |
| 9 | ക്ഷേമപദ്ധതികളുടെ വിവരം<br>Written By: Saritha P (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-7 |
| 10 | സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം<br>Written By: Saritha P (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-10 |
| 14 | രശീതി പരിശോധന<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-11 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-12 |
| 16 | അപായ സാധ്യതയുള്ള സ്ഥാപനത്തിന് അഗ്നി സുരക്ഷാ വകുപ്പിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-12-1 |

| | | |
|---|---|---|
| | Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | |
| 17 | എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കി<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-12-2 |
| 18 | മരത്തടികൾ കയ്യൊഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-13 |
| 19 | ആംബുലൻസിന്റെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-14 |
| 20 | വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-15 |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് നിരക്ക് നിശ്ചയിച്ചില്ല<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-15-1 |
| 22 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയിച്ചതിലെ പിഴവുകൾ തുടരുന്നു<br>Written By: Geetha K (Auditor, On 24-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-16 |
| 23 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി<br>Written By: Geetha K (Auditor, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-16-1 |
| 24 | എം.എസ്.എം.ഇ കളിൽ നിന്നും ഈടാക്കിയ വസ്തു നികുതി നിയമാനുസൃതമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-16-2 |
| 25 | അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-16-3 |
| 26 | ഗ്രാമപഞ്ചായത്തിന്റെ വാഹന പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-17 |
| 27 | തെരുവു വിളക്ക് റിപ്പയർ പദ്ധതിയുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-18 |
| 28 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിലയിരുത്തൽ<br>Written By: Saritha P (Senior Grade Auditor, On 26-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-19 |
| 29 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-20 |
| 30 | മാലിന്യ സംസ്കരണ സംവിധാനം - ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങൾ ഉറപ്പാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-21 |

| | | |
|---|---|---|
| 31 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എം.സി.എഫ്) - അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-22 |
| 32 | സ്കൂളുകളിൽ സ്ഥാപിച്ച എയ്റോബിക് ബിന്നുകളുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-23 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 26-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-24 |
| 34 | സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-25 |
| 35 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- അപാകതകൾ<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-26 |
| 36 | ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും ആനുകൂല്യം അനുവദിച്ചു<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-27 |
| 37 | ലൈഫ് മിഷൻ- ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-28 |
| 38 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും- അർഹതപ്പെട്ട മുഴുവൻ ആനുകൂല്യവും നൽകേണ്ടതാണ്<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-29 |
| 39 | എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-30 |
| 40 | ലൈഫ് ഭവന പദ്ധതി- തുക വിനിയോഗിക്കാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 26-10-2021)<br>Last Updated By: P. Sujatha (Audit Officer, On 02-11-2021) | 1-31 |
| 41 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്-അർഹമായ പരമാവധി ആനുകൂല്യം ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-32 |
| 42 | കാർഷിക മേഖലയിൽ മതിയായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 17-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-33 |
| 43 | കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 17-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-33-1 |
| 44 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 17-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-33-2 |

| | | |
|---|---|---|
| 45 | ന്യൂട്രിമിക്സ്- ഗുണനിലവാരം ഉറപ്പാക്കാതെ വിതരണം നടത്തി<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: P. Sujatha (Audit Officer, On 02-11-2021) | 1-34 |
| 46 | അസിസ്റ്റന്റ് സെക്രട്ടറി-പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 26-10-2021) | 1-35 |
| 47 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-36 |
| 48 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃതത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-37 |
| 49 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-38 |
| 50 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-39 |
| 51 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ ബിൽ തുക അനുവദിച്ചു<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-40 |
| 52 | സ്ഥലലഭ്യത പൂർണ്ണമായി ഉറപ്പാക്കിയതിനുശേഷം മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-41 |
| 53 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുന്നില്ല<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 24-12-2021) | 1-42 |
| 54 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാനുൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-43 |
| 55 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-44 |
| 56 | അയിലൂർ GUPS മെയിന്റനൻസ് - ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ എസ്റ്റിമേറ്റിൽ കാതലായ മാറ്റമുണ്ടായി<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-45 |
| 57 | ഗ്യാസ് ക്രിമട്ടോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-46 |
| 58 | കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-47 |
| 59 | ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ | 1-48 |

| | | |
|---|---|---|
| | അവലോകനം<br>Written By: Saritha P (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | |
| 60 | ആയുർവ്വേദ മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ നഷ്ടം<br>Written By: C.S.Santhosh (Audit Officer, On 27-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 28-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 28-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളിലെ വിവിധ പത്രികകൾ- സംക്ഷിപ്തം |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിന മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

11-03-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 16-2-2021 ലെ തീരുമാനം നം. 4/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3624313 |
| തൻവർഷം വരവ് | 386752000 |
| ആകെ വരവ് | 390376313 |
| ചെലവ് | 38650500 |
| നീക്കിയിരിപ്പ് | 351725813 |

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ-പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 09-12-2019-ന് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 11 നിർവ്വഹണ ഉദ്യോഗസ്ഥരുള്ളതിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), വെറ്ററിനറി സർജൻ, എച്ച്.എം, അസി. എഞ്ചിനിയർ എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. കൃഷി ഓഫീസർ, വി.ഇ.ഒ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ,എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. 15-02-2020 ന് ധനകാര്യ സ്റ്റാന്റിംഗ് 2020-21 നുള്ള കരട് ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി നല്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകതകൾ കൃത്യമായി ബജറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്ററി നിയന്ത്രണം ഉറപ്പാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 26-05-2021 | - | - |

## 1-2-1 വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

- ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല.
- ഓഡിറ്റ് റിക്കവറി രജിസ്റ്ററിലെ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
- വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തന്നെ മുഴുവൻ തുകയും ചെലവായി കാണിക്കുന്നത് ശരിയായ നടപടിക്രമമല്ല. Advance To Implimenting Officers എന്ന് ഹെഡിൽ ചെലവ് കാണിച്ച് പദ്ധതി പൂർത്തിയായതിനുശേഷം Asset ഹെഡിൽ ചെലവു കാണിക്കുന്നതിനു പകരം ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തന്നെ അസറ്റ് ഹെഡിൽ ചെലവു കാണിക്കുന്നു.
- പാലക്കുഴി ജല വൈദ്യുതി പദ്ധതിയുടെ ഷെയർ തുക Investment ആയി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31196655 |
| വരവ് | 129968242 |
| ആകെ | 161164897 |
| ചെലവ് | 144241819 |
| നീക്കിയിരിപ്പ് | 16923078 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 20141207 | 20141207 | 17424886. | 2716321 |
| വികസനഫണ്ട് -എസ്.സി.പി | 0 | 10426788 | 10426788 | 9918310. | 508478 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 1257701 | 1257701 | 1196913 | 60788 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 42065000 | 42065000 | 35723815. | 6341185 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5897739 | 5897739 | 4878534 | 1019205 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 8320000 | 8320000 | 4886434. | 3433566 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 0 | 16321755 | 16321755 | 11685697 | 4636058 |

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 173413 | 1866778 | 2040191 | 1918406 | 121785 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 805 | 1329434 | 1330239 | 1327298 | 2941 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 49286957 | 49286957 | 49286957 | 0 |
| ആകെ | 805 | 50616391 | 50617196 | 50614255 | 2941 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 2179791 | 2526686 | 4706477 | 3905561 | 800916 |

സസ്ഥാനാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 84242 | 0 | 84242 | 41463 | 42779 |

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 2900000 | 1500000 | 4400000 | 4280000 | 120000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 338 | 213410314 | 278 | 119366841 | | 60 | 82 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 82% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 10331631 | 6333921 | 61 |
| വെറ്ററിനറി സർജൻ | 10 | 10 | 3473700 | 1563584 | 45 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീ സർ-PHC | 7 | 5 | 1339462 | 642425 | 48 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 415000 | 415000 | 100 |
| വി.ഇ.ഒ-1 | 13 | 12 | 34399815 | 11983707 | 35 |
| വി.ഇ.ഒ-2 | 12 | 9 | 39145500 | 8878208 | 23 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 7660124 | 6298882 | 82 |
| സെക്രട്ടറി | 28 | 17 | 16145559 | 9023382 | 56 |
| അസി.സെക്രട്ടറി | 4 | 3 | 2991550 | 2482090 | 83 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 237 | 200 | 92646573 | 68037461 | 73 |
| എച്ച്.എം | 9 | 7 | 2562000 | 2053581 | 80 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1654600 | 1654600 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 644800 | 0 | 0 |
| ആകെ | 338 | 278 | 213410314 | 119366841 | 56 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 805 | 1329434 | 1330239 | 1327298 | 2941 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 49286957 | 49286957 | 49286957 | 0 |
| ആകെ | 805 | 50616391 | 50617196 | 50614255 | 2941 |

2020-21 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 5317കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 159പദ്ധതികളിൽ 126എണ്ണം നടപ്പാക്കി. ഇതിൽ 126 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. മെറ്റീരിയൽ പ്രവൃത്തികൾ 32 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| ചെറുകിട ജലസേചനം | 18 |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ | 44 |
| ഭൂവികസനം | 32 |
| റോഡ് നിർമ്മാണം | 32 |

ഭൂമി,ജലം,മരങ്ങൾ എന്നിവയുടെ വികാസത്തിലൂടെ കൃഷി, ഉല്പാദനമേഖല എന്നിവയുടെ വികാസം ഉറപ്പു വരുത്തുന്നതിനായി കിണർ റീചാർജിംഗ്, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികളുടെ വിവരം

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈകത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിയ്ക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യുന്ന രീതിയിലും ഡയറക്ട് ടു ഹോം എന്ന തരത്തിലുമാണ് ക്ഷേമപെൻഷനുകളുടെ വിതരണം നടത്തുന്നത്.

01-08-2013 മുതൽക്കുള്ള സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വിതരണം

ജി.ഒ(പി)363/13/ധന. തീയതി 27.3.13 പ്രകാരം ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് പെൻഷൻ ലഭ്യമാക്കാൻ തീരുമാനിച്ചതനുസരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ (പോസ്റ്റ് ഓഫീസ്, ബാങ്ക്, സേവിംഗ്സ് അക്കൗണ്ട് നം, ബാങ്ക് ബ്രാഞ്ച്, കോഡ്, ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, തിരിച്ചറിയൽ കാർഡിന്റെ വിവരം, ഫോൺ നം. മുതലായവ സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താനും വിവരങ്ങളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തി സെക്രട്ടറി അധികൃതമാക്കിയ "ഡേറ്റ ബേസ്" സെൻട്രൽ സെർവറിലേക്ക് അപ് ലോഡ് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. ഓരോ മാസവും ആവശ്യമായി വരുന്ന ഗുണഭോക്താക്കളുടെ കൂട്ടിച്ചേർക്കലുകളും ഗുണഭോക്താവിന്റെ മരണം മൂലം ഉണ്ടാകുന്ന ഒഴിവാക്കലുകളും കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിനും അനർഹർക്ക് ആനുകൂല്യം നിഷേധിച്ച് അർഹരായവർക്കെല്ലാം പെൻഷൻ ആനുകൂല്യം ലഭ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായും സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണത്തിൽ നിലവിലും അപാകതകൾ നില നിൽക്കുന്നു.

ഈ സാഹചര്യത്തിൽ സ.ഉ.(എം.എസ്.)നം 97/2020 ധന. തീയതി തീ 23.09.2020 ഉത്തവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണത്തിന്റെ പരിശോധന നടത്തുകയും ഓഡിറ്റ് അന്വേഷണം നം 6/7.10.21 പ്രകാരം ആയത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വിശദമായ മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

തൻവർഷം വിതരണം ചെയ്ത ക്ഷേമപെൻഷനുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 17632500 | 7192 |
| വിധവാ പെൻഷൻ | 20646200 | 11953 |
| വാർദ്ധക്യകാല പെൻഷൻ | 28433300 | 1953 |
| വികലാംഗ പെൻഷൻ | 5014900 | 1970 |
| അവിവാഹിത പെൻഷൻ | 1004600 | 380 |

ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-7-1 സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം

1. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിൽ

കാലതാമസം ഉണ്ടാകുന്നുണ്ട്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയ പരിധി താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയ പരിധി |
|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 45 |
| 2 | വിധവാ പെൻഷൻ | 45 |
| 3 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 45 |
| 5 | വികലാംഗ പെൻഷൻ | 60 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ മേൽ സമയ പരിധി പലപ്പോഴും പാലിക്കുന്നില്ല എന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷന്റെ പേര് | ഗുണഭോക്താവ് | അപേക്ഷ സ്വീകരിച്ച തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | ജോസഫ് എം.ടി മുണ്ടുവേലിൽ , കയറാടി | 04.05.2020 | 29.07.2020 |
| | അഗസ്റ്റ് എം.ഡി | 04.05.2020 | 29.07.2020 |
| | ചെല്ലമ്മ, ചേറുംകോട്, പാളിയമംഗലം | 20.06.19 | തീർപ്പാക്കിയിട്ടില്ല |
| കർഷക തൊഴിലാളി പെൻഷൻ | ലക്ഷ്മി, നായ്ക്കർപാടം, അയിലൂർ | 26.08.2019 | 09.03.2020 |
| | ജാനു, തിരുവഴിയാട് | 31.08.19 | 09.03.2020 |
| | ഗംഗാധരൻ, മാങ്കുറുശ്ശി | 4.09.18 | 5.07.2019 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | ലാലി തോമസ് ഉപ്പട്ടിൽ, കയറാടി | 18.06.19 | 2.11.2019 |
| | സാറ. കെ. സി തെക്കേക്കുളമ്പ് | 29.01.2019 | 17.05.2021 |
| വികലാംഗ പെൻഷൻ | കേശവൻ, കാട്ടിൽ ഹൗസ് | 14.02.2020 | 02.07.2020 |
| | മെഹബൂബ്, കയറാടി | 16.03.20 | 02.07.20 |
| | ആദർശ.എസ്, ബ്രഹ്മണ്യപുരം, തെക്കേത്തറ | 18.03.21 | 17.07.21 |

കോവിഡുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ ആയതിനാലാണ് കാലതാമസം ഉണ്ടായതെന്നും ബന്ധപ്പെട്ട

അന്വേഷണ ഉദ്യോഗസ്ഥരെ ഓഡിറ്റ് പരാമർശം ബോധ്യപ്പെടുത്തി സമയബന്ധിതമായി പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. മരണപ്പെട്ട/അർഹത ഇല്ലാത്തവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനമില്ല

ജി.ഒ(എം.എസ്)നം.483/17/ധന തിയതി 6.11.17 പ്രകാരം എല്ലാ വർഷവും ഡിസംബർ 31 ന് മുൻപ് പെൻഷൻ ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വിവിധ ഉത്തരവുകളിലൂടെ മസ്റ്ററിംഗിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നു. മസ്റ്ററിംഗിനു ശേഷം മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതു മൂലം മരണപ്പെട്ടവർക്കും പെൻഷൻ ട്രാൻസ്ഫർ ചെയ്ത് നൽകുന്ന സാഹചര്യം നിലവിലുണ്ട്.

പെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്യുമ്പോൾ അതത് മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ട്. മറ്റു ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്ന പെൻഷണറുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ യഥാസമയം അറിയുന്നതിനുള്ള സംവിധാനം നിലവിലില്ല. അതത് വാർഡുകളിലെ വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിവരം അറിയുന്നത്.

ഡയറക്ട് ടു ഹോം ആയി പെൻഷൻ സ്വീകരിക്കുന്ന ഗുണഭോക്താക്കൾ തുടർച്ചയായി പെൻഷൻ സ്വീകരിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ ആ വിവരം ബാങ്കുകൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് അധികാരികൾ അറിയിച്ചു. പെൻഷൻ തുക നേരിട്ട് അക്കൗണ്ടിലേക്ക് ലഭിക്കുന്ന പെൻഷണർമാരുടെ കാര്യത്തിൽ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നാൽ പെൻഷണർ മരണപ്പെട്ടതിനു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. 2019-20, 2020-21 കാലഘട്ടത്തിൽ അക്കൗണ്ടുകളിലേക്ക് മാറ്റിയ തുകകളിൽ അനർഹമായി ആർക്കെങ്കിലും തുക കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അത്തരം തുക ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കിയിട്ടില്ല.

ധനകാര്യവകുപ്പിന്റെ 5.11.20 ലെ സർക്കുലർ നം. 67/20/Fin പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാത്ത പക്ഷം ആയത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരണമടയുന്നവരുടെ വിവരങ്ങൾ അതത് വാർഡ് മെമ്പർമാർ വഴി എല്ലാ മാസവും ശേഖരിക്കുകയും ആയതിൽ പരിശോധന നടത്തി സേവന സോഫ്റ്റ് വെയറിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നതായി സെക്രട്ടറി അറിയിച്ചു.

3. മരണം സാക്ഷ്യപ്പെടുത്തുമ്പോൾ തന്നെ സേവന സോഫ്റ്റ്‌വെയർ മുഖേന പെൻഷനുകൾ സസ്പെൻഡ് ചെയ്യുന്നതിന് കഴിയുന്നില്ല

പെൻഷനറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതിയിൽ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഉണ്ടാകേണ്ടതാണ്. അർഹത ഇല്ലാതായതു മുതൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്ന കാലയളവ് വരെയുള്ള മാസങ്ങളിൽ പെൻഷൻ അനർഹർക്ക് വിതരണം ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കുവാൻ സേവനയിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്.

4. അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് വയ്ക്കുന്നില്ല

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകളുടെ പരിശോധനയിൽ അപേക്ഷകൻ കേന്ദ്ര സംസ്ഥാന സർവ്വീസ് പെൻഷനർ അല്ല, ആദായ നികുതി ഒടുക്കുന്നില്ല, 2 ഏക്കറിൽ കൂടുതൽ ഭൂമി ഇല്ല തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ലഭ്യമാക്കുന്നില്ല. അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിന്റെ രേഖകൾ അപേക്ഷയോടൊപ്പം സൂക്ഷിക്കുന്നില്ല. അപേക്ഷാ ഫോമിലെ ചോദ്യവലി പരിശോധിക്കുമ്പോൾ ഭൗതിക സാഹചര്യങ്ങൾ അറിയുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്നു കാണുന്നു. അന്വേഷണോദ്യോഗസ്ഥൻ പെൻഷൻ

അനുവദിക്കാവുന്നതാണ് എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അന്വേഷണോദ്യോഗസ്ഥർ മേൽവിവരങ്ങളെല്ലാം പരിശോധിച്ച് മാത്രമാണ് ഗുണഭോക്താക്കളുടെ അർഹത നിശ്ചയിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചു.

5. പെൻഷൻ സസ്പെൻഡ് ചെയ്യുമ്പോൾ ഫയൽ നമ്പർ കൃത്യമായി ചേർക്കുന്നില്ല, ഫയൽ സൂക്ഷിക്കുന്നില്ല

സേവന സോഫ്റ്റ്‌വെയർ വഴി പെൻഷൻ സസ്പെൻഡ് ചെയ്യുമ്പോൾ പ്രത്യേകം ഫയൽ സൂക്ഷിക്കാത്തതിനാൽ തെറ്റായ/ഇല്ലാത്ത ഫയൽ നം. ചേർത്താണ് പെൻഷൻ സസ്പെൻഷൻ നടപടികൾ തീർപ്പാക്കുന്നത്. പെൻഷൻ അർഹത ഇല്ലാതായ തീയതിക്കും സസ്പെൻഡ് ചെയ്ത തീയതിക്കും ഇടയിലുള്ള മാസങ്ങളിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് അറിയുന്നതിനുള്ള ഏകമാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. ആയത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

പെൻഷൻ സസ്പെൻഡ് ചെയ്യുമ്പോൾ പ്രത്യേകം ഫയൽ സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലവിളംബം ഇല്ലാതാക്കുന്നതിനായി നടപടികൾ നവീകരിക്കേണ്ടതാണ് .

2. സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണവിവരം രജിസ്റ്റർ ചെയ്യുമ്പോൾ പെൻഷൻ ഐ.ഡി കൂടി നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മരണം ഏത് തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടാലും മരണപ്പെട്ട വ്യക്തി പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആയത് അതത് തദ്ദേശസ്ഥാപനത്തെ കൂടി അറിയിക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. ആശ/അങ്കണവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കാതിരിക്കുന്നതാണ് മേൽപ്രകാരമുള്ള അപാകതകൾക്ക് കാരണമായിട്ടുള്ളത്. ആശ/അങ്കണവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 6137/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ തൻവർഷം കൃത്യമായി നടന്നിട്ടില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.

അവശ്യം സൂക്ഷിക്കേണ്ട തെരുവു വിളക്കുകളുടെ കണക്ക്, പൊതു ടാപ്പുകളുടെ കണക്ക് എന്നിവ കൃത്യമാക്കി സൂക്ഷിക്കാതിരുന്നിട്ടും മേലധികാരികൾ ആവശ്യമായ നിർദ്ദേശം നൽകിയിട്ടില്ല.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആംബുലൻസിന്റെ സേവനത്തിനുള്ള തുക രസീതി ഇല്ലാതെയാണ് ഈടാക്കുന്നത്. രേഖകളുടെ സൂക്ഷിപ്പു

കൃത്യമല്ല. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ അധികാരികൾ നടത്തിയിട്ടില്ല. പഞ്ചായത്ത് വാഹനത്തിന് ആവശ്യമായ രേഖകളും കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതത്തിന്റെ വരവു-ചെലവു കണക്കുകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

വസ്തു നികുതി, ലൈസൻസ് മുതലായ വരവിനങ്ങളുടെ കൃത്യത ഉന്നതാധികാരികൾ പരിശോധിച്ച് ഉറപ്പാക്കുന്നില്ല. അനധികൃത നിർമ്മിതികൾക്കെതിരെയുള്ള നടപടികളും കാര്യക്ഷമമല്ല.

കംഫർട്ട് സ്റ്റേഷൻ, ഗ്യാസ് ക്രിമട്ടോറിയം എന്നിവയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല.
വിവിധ രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണെന്ന് ഉറപ്പാക്കുന്നതിനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

9-8-2021 ന നടന്ന പെർഫോമൻസ് ഓഡിറ്റിൽ 7/2021 വരെയുള്ള രേഖകളുടെ പരിശോധന നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

29-4-2019 മുതൽ 10-05-2019 വരെയുള്ള കാലയളവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് പൂർണ്ണമായും ക്ലോസ് ചെയ്തിട്ടില്ല.

## 1-11 രശീതി പരിശോധന

സ്ഥാപനത്തിലെ 28-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന എല്ലാ സേവനങ്ങളും സമയബന്ധിതമായും ഓൺലൈനായി ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച ഐ.എൽ.ജി.എം.എസ് സംവിധാനം അയിലൂർ ഗ്രാമപഞ്ചായത്തിൽ 6-09-2021 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ സിവിൽ രജിസ്ട്രേഷൻ സേവനങ്ങൾ മാത്രമാണ് ഓൺലൈനാക്കിയിട്ടുള്ളത്

ഐ.എൽ.ജി.എം.എസിലേക്ക് മാറിയതിനെ തുടർന്ന് സാംഖ്യ രശീതികളുടെ ഉപയോഗം നിർത്തിവച്ചിട്ടുണ്ട്. 1829817 മുതൽ 1830000 വരെയുള്ള രസീതികൾ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-12-1 അപായ സാധ്യതയുള്ള സ്ഥാപനത്തിന് അഗ്നി സുരക്ഷാ വകുപ്പിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 6/610 നമ്പർ കെട്ടിടത്തിൽ (ചന്ദ്രൻ ട്രേഡേഴ്സ്) എന്ന സ്ഥാപനത്തിന് ചൈനീസ് പടക്കങ്ങളും 100 കിലോഗ്രാമിൽ താഴെയുള്ള പടക്കം നിർമ്മിച്ച് വിപണനം നടത്തുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ശ്രീമതി.ജിജി.പി.വി, W/o മഹേഷ് ചന്ദ്രൻ, കുണ്ടിൽ ഹൗസ്. തിരുവഴിയാട് (ലൈസൻസ് നം. 344) എന്നവർക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളിൽ പാലക്കാട് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ 6/01/2019 തീയതിയിലെ ഡിസിപികെഡി/986/2018-19 പ്രകാരം സ്ഫോടക വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസ് കാലാവധി 31/03/2020 വരെയാണ്. അപേക്ഷകന്റെ

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിട്ടുണ്ട്. അപായ സാധ്യതയുള്ള കച്ചവട സ്ഥാപനമാണെന്നതു കണക്കിലെടുത്ത്, സ്ഥാപനം ജില്ലാ മജിസ്ട്രേറ്റിന്റെ ലൈസൻസ് (ഫോറം നം. LE-5) പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണം 4/11.10.2021 ന് മറുപടി ലഭ്യമാക്കിയതിൽ 01/01/2021 തീയ്യതിയിലെ അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ഡി.സി.പി.കെ.ഡി/2010/2020-ഡി3 നടപടിക്രമം പ്രകാരം ലൈസൻസ് പുതുക്കിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 6 ലെ (ചട്ടം 12 ഉപചട്ടം 5 ഖണ്ഡിക ഡി) പ്രകാരം, സ്ഥാപനത്തിന് അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് തുടർപരിശോധന നടത്തി ഉറപ്പാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണം 4/11-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഈ സ്ഥാപനത്തിന് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനായി ചട്ടപ്രകാരമുള്ള തുടർ പരിശോധന നടത്തേണ്ടതാണ്.

1-12-2 എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കി

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി MSME Development Act 2006 പ്രകാരം ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഉള്ള MSME വ്യവസായ സ്ഥാപനങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും 2017-18 വർഷത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ലൈസൻസ് ചട്ടങ്ങളിലെ ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഒരു എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധിക തുക ഈടാക്കിയതായി കണ്ടെത്തി. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്: സ്റ്റാർ ഹോളോ ബ്രിക്സ് പട്ടുകാട്, കയറാടി
ഉദ്യോഗ് ആധാർ മെമ്മോറാണ്ടം നമ്പർ. UAM No. KL10A0003954

കെട്ടിട നമ്പർ 9/589

മൂലധന നിക്ഷേപം- 7 ലക്ഷം

സിമന്റ് ഉല്പന്നങ്ങളുടെ നിർമ്മാണം നടത്തുന്ന ഈ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ 5000/- രൂപ ഈടാക്കിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ(മൈക്രോ) ഉൾപ്പെടുന്ന മൂലധന നിക്ഷേപം 25 ലക്ഷം വരെയുള്ള സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് 500/- രൂപയാണ്.

ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കിയതിന്റെ കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം4/11.10.2021 ന് ടി സ്ഥാപനത്തിന് ലൈസൻസ് അപേക്ഷ നല്കുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നില്ല എന്നും ഫൈൻ എന്ന നിലയിൽ ടി തുക ഈടാക്കിയിട്ടുള്ളതെന്നും ലൈസൻസ് ഫീയിനത്തിൽ വരുമാനനഷ്ടം വരുത്തിയിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിലും ഈ സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസ് ഈടാക്കേണ്ടത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. എം.എസ്.എം.ഇ കൾക്ക് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 മരത്തടികൾ കയ്യൊഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നം A2/3477/2020

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വീഴ്‌ലി ഭാഗത്തുള്ള തോടുപുറമ്പോക്കിൽ വീണുകിടക്കുന്നതും

ജനങ്ങളുടെ ജീവനു ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങളായ ഒരു വീട്ടിയും 7 മരുതും അപകട ഭീഷണിയെ തുടർന്ന് ഒഴിവാക്കുന്നതിനായി 1.7.2020 ലെ തീരുമാനം നം. 6/2 പ്രകാരം മുറിച്ചു മാറ്റാൻ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. 06.08.2020 ലെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്വേഷൻ റിപ്പോർട്ട് പ്രകാരം ഈ മരങ്ങൾക്ക് 312525/- രൂപയുള്ള മൂല്യം നിശ്ചയിച്ചിട്ടുണ്ട്. 14/08/2020 ന് രാവിലെ 11 മണിക്ക് നടന്ന ലേല നടപടിയിൽ ആരും തന്നെ ലേലം കൊണ്ടതായി കാണുന്നില്ല. നാളിതുവരെയായും ഈ മരങ്ങൾ പുനർ ലേലം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചതിന് രേഖകളുമില്ല. 6.08.2020 തീയ്യതിയിലെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ P4-1471/2020 ഉത്തരവ് പ്രകാരം തുടർച്ചയായ മൂന്നു പ്രാവശ്യം ലേല നടപടികൾ സ്വീകരിച്ചിട്ടും മരങ്ങൾ കൈയ്യൊഴിക്കാതിരുന്നാൽ വകുപ്പുതല ഉന്നതാധികാരികളുടെ അനുമതിയോടെ ഉചിതമാർഗ്ഗത്തിലൂടെ കൈയ്യൊഴിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 10/12.102021 ന് ലഭ്യമാക്കിയ മറുപടിയിൽ വീഴ്‌ലി ഭാഗത്തുള്ള തോട് പുറമ്പോക്കിലുള്ള മരങ്ങൾ അപകട ഭീഷണിയെ തുടർന്ന് മുറിച്ചു മാറ്റാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും മരങ്ങൾ മുറിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതായി ബോധ്യപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. സമീപത്തെ മതിലുകൾ പൊളിച്ചു മാറ്റി പുനർനിർമ്മിച്ച് നൽകേണ്ട സാഹചര്യം ഉള്ളതിനാലാണ് ലേലനടപടിയിൽ തുക കുറഞ്ഞതെന്നും നിശ്ചയിച്ച തുകയെക്കാൾ കുറഞ്ഞ തുകയായതിനാലാണ് തുടർന്ന് ലേലം ചെയ്യാതിരുന്നതെന്നും അറിയിച്ചിരിക്കുന്നു. പുനർ ലേലം നടത്തുന്നതിന് കോവിഡ് സാഹചര്യത്തിൽ കഴിയാതെ വന്നതായും തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

വീണുകിടക്കുന്ന മരങ്ങൾ നാശോന്മുഖമാകുവാനും സാമ്പത്തിക നഷ്ടം ഉണ്ടാകുവാനും സാധ്യതയുള്ളതിനാൽ മരത്തിന്റെ പുനർലേലം നടത്തി കയ്യൊഴിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ആംബുലൻസിന്റെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

എം.എൽ.എ യുടെ 2020-21 വർഷത്തെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി സർക്കാർ അനുമതിയോടുകൂടി അയിലൂർ ഗ്രാമപഞ്ചായത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പടെയുള്ള പൊതുജനങ്ങൾക്കായി ഒരു ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ആയതിന്റെ തുടർനടത്തിപ്പ്, പരിപാലനം, ഡ്രൈവറുടെ വേതനം എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന നിബന്ധനയിലാണ് വാഹനം അനുവദിച്ചിട്ടുള്ളത്.

വാഹനം -Ambulance- Force Traveller-(രജിസ്ട്രേഷൻ നം.KL-70-F. 6028)

മോഡൽ - T1 Ambulance (Seating Capacity 11 No.s)

വാഹനം വാങ്ങിയ തീയതി - 16.11.2020

വാഹനം പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കേണ്ട വാടക, രശീതി നൽകൽ, തുകയുടെ ഒടുക്ക്, ഡ്രൈവറുടെ സേവന വേതന വ്യവസ്ഥ, പരിപാലന വ്യവസ്ഥകൾ എന്നിവ നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമല്ല. വാഹനത്തിന്റെ പരിപാലനത്തിനായി നിയമാവലി രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ആംബുലൻസ് പൊതുജനങ്ങളുടെ ആവശ്യത്തിനായി വിട്ടു നൽകിയതിൽ നിന്നും ലഭ്യമാകുന്ന തുക രസീതി ഇല്ലാതെയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. വാഹന വാടകയിനത്തിൽ 5/21 മുതൽ 8/21 വരെയുള്ള കാലയളവിലെ വാടകയായ 30,450/- രൂപ പഞ്ചായത്ത് ഫണ്ടിൽ 2/09/21 നാണ് അടവാക്കിയിട്ടുള്ളത്. രസീതി ഇല്ലാതെ തുക പിരിച്ചെടുത്തതിനാൽ ഈ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. മാസങ്ങളോളം തുക ഒരു വ്യക്തിയുടെ കൈവശം അവശേഷിച്ചിട്ടും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

വാഹനത്തിന്റെ ലോഗ് ബുക്കിൽ 10-5-2021 മുതൽക്കുള്ള രേഖപ്പെടുത്തലാണ് നടത്തിയിട്ടുള്ളത്.

ഇനീഷ്യൽ കിലോമീറ്റർ 2131 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനു മുമ്പുള്ള രേഖപ്പെടുത്തലുകൾ നടത്താതിരുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. 5/2021 മുതൽ 9/2021 വരെയുള്ള കാലയളവിൽ 6232 കിലോമീറ്റർ ആംബുലൻസ് ഓടിയിട്ടുണ്ട്.

യാതൊരു മാനദണ്ഡവും ഇല്ലാതെയാണ് നിലവിൽ വാഹന വാടകയിനത്തിൽ പണം സ്വീകരിക്കുന്നതെന്നും തുക പഞ്ചായത്തിൽ വരവു വയ്ക്കുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നും വിലയിരുത്തുന്നു.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 9/11.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ആംബുലൻസിന്റെ പരിപാലനത്തിനായി നിയമാവലി രൂപീകരിച്ച് ഈടാക്കേണ്ട വാടക, രശീതി നൽകൽ, തുകയുടെ ഒടുക്ക് , ഡ്രൈവറുടെ സേവന വേതന വ്യവസ്ഥ എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആംബുലൻസ് ലഭ്യമായ ആദ്യസമയത്ത് കോവിഡ് രൂക്ഷമായ സാഹചര്യമായതിനാൽ രോഗികളെ ജില്ലാ ആശുപത്രിയിലേയ്ക്കും കഞ്ചിക്കോട് കിൻഫ്ര മുതലായ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിന് സൗജന്യമായാണ് പ്രവർത്തിച്ചിരുന്നതെന്നും പൊതുജന നന്മ മുൻനിർത്തി പഞ്ചായത്ത് ഇങ്ങനെ ഒരു തീരുമാനം എടുത്തതായും അറിയിച്ചിരിക്കുന്നു. ആയതിനാലാണ് ലോഗ് ബുക്കിൽ ഇനിഷ്യൽ കിലോമീറ്റർ 10.05.2021 ന് 2131 റീഡിംങ്ങായി രേഖപ്പെടുത്താനിടയായതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആംബുലൻസ് വാടക പഞ്ചായത്ത് അതിർത്തിക്കകത്തും, പുറമേ ഓടുന്നതിനും കിലോമീറ്ററിന് നിശ്ചിത നിരക്ക് നിശ്ചയിച്ചതായും ലഭിച്ച വാടകതുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയതായും അറിയിച്ചിരിക്കുന്നു. പാലിയേറ്റീവ് പരിചരണത്തിനു വേണ്ടിയും വാഹനം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിലുള്ള എച്ച്.എം.സി ക്ക് വാഹനം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

നിരക്കുകൾ നിശ്ചയിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതും ആയതിനനുസരിച്ച് പ്രത്യേക രശീതി മുഖേന വാഹന വാടകയിനത്തിൽ പണം പിരിച്ചെടുക്കേണ്ടതും തുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്തിൽ വരവു വയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

പൊതുജനങ്ങൾക്ക് സേവനം നൽകുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന് ആംബുലൻസ് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതതു സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-15-1 റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് നിരക്ക് നിശ്ചയിച്ചില്ല

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയായും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 18/18-10-2021 ന് വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി തിരുത്തൽ വരുത്തുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയിച്ചതിലെ പിഴവുകൾ തുടരുന്നു

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും പിഴവുകൾ തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ തുടരുന്നതായി കാണുന്നു.

## 1-16-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 50 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം | നിലവിലെ നികുതി നിർണ്ണയം |
|---|---|---|---|---|
| കെ.എസ്. മാധവൻ, S/o.മുത്തു, അയിലൂർ | 6/260 | 175 ച. മീ | ഗോഡൗൺ | 5907/- |
| ലക്ഷ്മി W/o കൃഷ്ണൻ, കലാ സിൽക്ക് മിൽ, കരിമ്പാറ | 11/15 | 122ച.മീ | ഷോപ്പ് | 4575/- |
| യൂസഫ്, കല്ലംപറമ്പ്, കയറാടി | 16/217 | 160 ച. മീ | ഷോപ്പ് | 6000/- |
| ടി.സി.കുരുവിള, തച്ചേരിയിൽ, കാന്തളം | 17/64 | 149.7 ച. മീ | ഷോപ്പ് | 3931/- |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റാബേസിൽ മേൽ അപാകതകൾ പരിഹരിക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/18-10-2021 ന് മറുപടി ലഭിയമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു

1 കെ.എസ്.മാധവൻ എന്ന വ്യക്തിയുടെ പേരിലുള്ള 6/620 നമ്പർ കെട്ടിടം ചെറുകിട വ്യവസായത്തിൽ

ഉൾപ്പെട്ട തീപ്പെട്ടി മിൽ(പീഢിത വ്യവസായം) ആണെന്നും ഈ കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് 10/- രൂപയാണ്.

2. ലക്ഷ്മി കൃഷ്ണൻ എന്ന വ്യക്തിയുടെ പേരിലുള്ള കലാ സിൽക്സ് മിൽ എന്ന കെട്ടിടം (11/15) ചെറുകിട വ്യവസായ ഗണത്തിൽ ഉൾപ്പെട്ട പഞ്ഞി മിൽ ആണെന്നും ഈ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി നിരക്ക് 10/- രൂപയാണ്.

3.യൂസഫ് കല്ലൻപറമ്പിൽ, കയറാടി എന്നവരുടെ പേരിലുള്ള 16/217 റൈസ് മിൽ ആണെന്നും നിലവിൽ ഇത് പ്രവർത്തനരഹിതമാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ചെറുകിട വ്യവസായത്തിൽപ്പെട്ട ഈ കെട്ടിടത്തിന്റെ അടിസ്ഥാനവസ്തു നികുതി നിരക്ക് 10/- രൂപയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

4.ടി.സി,കുരുവിള, തച്ചേരിയിൽ, കാന്തളം എന്ന വ്യക്തിയുടെ പേരിലുള്ള 17/64 നമ്പർ കെട്ടിടം കോഴി ഫാം ആണെന്നും ചെറുകിട വ്യവസായ ഗണത്തിൽപ്പെട്ട ഈ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി 10/- രൂപ നിരക്കാണെന്നാണ് അറിയിച്ചിട്ടുള്ളത്.

ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ചെയ്യുന്ന സമയത്ത് തിരുത്തൽ വരുത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

സ.ഉ.(എം.എസ്)385/15/ത.സ്വ.ഭ.വ തീയതി 16-12-2015 ലെ ഉത്തരവ് പ്രകാരം വസ്തുനികുതി പുന:ക്രമീകരണ നടപടികൾ 31.12.2015 പൂർത്തീകരിക്കേണ്ടതായിരുന്നിട്ടും ഈ പിഴവുകൾ പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തി നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം 6-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

ഈ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് ( ഫാം 6) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16-2 എം.എസ്.എം.ഇ കളിൽ നിന്നും ഈടാക്കിയ വസ്തു നികുതി നിയമാനുസൃതമാക്കേണ്ടതാണ്

എസ്.ആർ.ഒ നം. 100/2015 ( സ.ഉ(അ)നം.36/2015/ തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിരക്ക് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിനനുസൃതമായി ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് അയിലൂർ ഗ്രാമപഞ്ചായത്തിൽ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 15 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഉള്ള ഒരു സ്ഥാപനത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതിയിനത്തിൽ അധിക തുക ഈടാക്കി വരുന്നതായി കണ്ടെത്തി. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്: സ്റ്റാർ ഹോളോ ബ്രിക്സ് പട്ടുകാട്, കയറാടി
ഉദ്യോഗ് ആധാർ മെമ്മോറാണ്ടം നമ്പർ. UAM No. KL10A0003954

കെട്ടിട നമ്പർ 9/589

കെട്ടിടത്തിന്റെ വിസ്തീർണ്ണം - 101 ച.മീ

സിമന്റ് ഉല്പന്നങ്ങളുടെ നിർമ്മാണം നടത്തുന്ന ഈ സ്ഥാപനത്തിനെ 'ഇതര വ്യവസായങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 4546/- രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി ചുവടെ ചേർക്കുന്നു.

101 * 15 = 1515

വർദ്ധനവ് (വഴിസൗകര്യം)- ഇല്ല

ഇളവ്- 10%

BT- 1363

ST - 273

LC- 68

അധികം നിശ്ചയിച്ചത് - 4546-1704 = 2842/-

മേൽ സൂചിപ്പിച്ച കെട്ടിടത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി നികുതി നിർണ്ണയിച്ചതുവഴി നികുതിയിനത്തിൽ അധികം ഈടാക്കിയതായി കണ്ടെത്തി. ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം 18/18-10-2021 ന് ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുമ്പോൾ മൈക്രോ സ്മാൾ അന്റ് മീഡിയം എന്റർപ്രൈസ് ഡെവലപ്മെന്റ് ആക്ട്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-16-3 അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235W വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം നിലവിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട 5 കെട്ടിടങ്ങളാണ് ക്രമവൽകരിച്ചു നൽകാതെ അവശേഷിച്ചിട്ടുള്ളത്. ഇതിൽ 2 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് സാധാരണ കെട്ടിടങ്ങൾക്ക് നല്കുന്ന നമ്പരാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|
| 15/559 | വേലായുധൻ S/o പങ്ങ, പയ്യാംങ്കോട് |
| 15/653 | അംബുജം W/o സുബ്രഹ്മണ്യൻ അമ്പാട്ടുപറമ്പിൽ, കയറാടി |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റബേസിൽ മേൽ അപാകതകൾ പരിഹരിക്കാത്തതിനുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം 18/18-10-2021 ന് ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുമ്പോൾ തിരുത്തൽ വരുത്തുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്തിന്റെ വാഹന പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗത്തിനായുള്ള മാർഗ്ഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം 192255 രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി 88460 രൂപയും ചെലവഴിച്ചിട്ടുണ്ട്.

വാഹനം (രജിസ്ട്രേഷൻ നം.- KL-70/9)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

എന്നാൽ മേൽ പറഞ്ഞവയിൽ ലോഗ്ബുക്കും ഫ്യുവൽ രജിസ്റ്ററും മാത്രമാണ് നിലവിൽ സൂക്ഷിച്ചു വരുന്നത്. മറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് എല്ലാ മാസാവസാനങ്ങളിലും ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും മാസങ്ങളിൽ മാത്രമാണ് ഈ വിവരങ്ങൾ പൂർണ്ണമായും ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്.

2. ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കുന്നില്ല.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

വർഷത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം നടത്തിയത് 05.09.2019 നാണ്. 04.09.2020 വരെ മാത്രമാണ് പരിശോധനയുടെ കാലാവധിയെങ്കിലും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് പിന്നീട് നടത്തിയിട്ടില്ല .

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

- ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24/20.10.21)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-18 തെരുവ് വിളക്ക് റിപ്പയർ പദ്ധതിയുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകങ്ങൾ

പ്രോജക്ട് നം. 191/21
അടങ്കൽ - 700000 (സി.എഫ്.സി ഗ്രാന്റ്)
ചെലവ് - 390000 ( ബിൽ നം .24/21.12.2020)

പ്രോജക്ട് പ്രകാരം സർവ്വീസ് കാലാവധി പൂർത്തിയായതും നിലവിൽ തകരാറിലായതുമായ

തെരുവുവിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 700000 രൂപ വകയിരുത്തിയിട്ടുണ്ട്.

നടപടിക്രമങ്ങളിലെ അപാകതകൾ മൂലം തെരുവുവിളക്ക് റിപ്പയർ പ്രവൃത്തി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്ന് വിലയിരുത്തുന്നു. പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ, വാങ്ങൽ രീതി, കരാർ ഉടമ്പടി, കരാറുകാരന് ബിൽ തുക നൽകൽ മറ്റ് രേഖകളുടെ സൂക്ഷിപ്പ് എന്നിവയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

ടെണ്ടർ ഷെഡ്യൂളിൽ ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല

നം. എ3/2021/21 തീയതി 21.07.2020 പ്രകാരമുള്ള ഇ-ദർഘാസ് പരസ്യം പ്രകാരമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 22.07.2020 മുതൽ 13.08.2020 വരെ ടെണ്ടർ നൽകുന്നതിന് സമയം നൽകിയിട്ടുണ്ട്. ടെണ്ടർ നിബന്ധനകൾ ക്രമ നം. 3 പ്രകാരം എല്ലാ നികുതികളും, ഡിസ്മാന്റലിംഗ്, ഇൻസ്റ്റലേഷൻ മെയിന്റനൻസ് ചാർജ്ജുകൾ ഉൾപ്പെടെ നിരക്ക് ക്വോട്ട് ചെയ്യുന്നതിനാണ് കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഏതെല്ലാം പാർട്ടുകളുടെ റിപ്പയർ നടത്തേണ്ടതുണ്ടെന്നോ റിപ്പയർ നടത്തി കേടുപാടുകൾ തീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാർട്ടുകൾ വാങ്ങുന്നതിനുള്ള നിബന്ധനകളോ വാറണ്ടി കാലയളവോ ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

റീ ടണ്ടർ സാധ്യത പരിശോധിക്കാതെ ടെണ്ടർ ഉറപ്പിച്ചു

രണ്ട് ടെണ്ടറുകളാണ് ലഭ്യമായിട്ടുള്ളത്. എയർമെക്ക് എയർകണ്ടീഷണിംഗ് ടെക്നോളജീസ്, ഗ്രീൻ ലീഫ് ടെക്നോളജി, എന്നീ സ്ഥാപനങ്ങൾ ടെണ്ടർ നിബന്ധനകൾ പ്രകാരം ഒരു യൂണിറ്റിന്റെ എല്ലാ നികുതികളും ഡിസ്മാന്റലിംഗ്, ഇൻസ്റ്റലേഷൻ, മെയിന്റനൻസ് ചാർജ് എന്നിവ ഉൾപ്പെടെയുള്ള തുക യഥാക്രമം 600 രൂപയും 749 രൂപയും ക്വോട്ട് ചെയ്തു. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എയർമെക്ക് എയർകണ്ടീഷണിംഗ് ടെക്നോളജീസ് എന്ന സ്ഥാപനം പ്രിലിമിനറി എഗ്രിമെന്റിൽ ഒപ്പു വച്ചിട്ടില്ല എന്ന കാരണത്താൽ 21.08.2020 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗതീരുമാനം, 27.08.2020 ലെ ഭരണസമിതി യോഗ തീരുമാനം 2(2) എന്നിവ പ്രകാരവും സ്ഥാപനത്തിനെ ഒഴിവാക്കുകയും അടുത്ത ടെണ്ടററർ ആയ ഗ്രീൻ ലീഫ് ടെക്നോളജിയുടെ നിരക്ക് 749 ൽ നിന്നും 600 ലേക്ക് നെഗോഷ്യേഷൻ നടത്തി ക്രമീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. (04.09.2020ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗതീരുമാനം). ആകെ രണ്ട് ടെണ്ടറുകൾ മാത്രം ലഭ്യമാകുകയും ടെണ്ടറുകളുടെ സാങ്കേതിക വിലയിരുത്തൽ നടത്തിയതിനു ശേഷം ലഭ്യമായ ടെണ്ടറിൽ ഒരെണ്ണം അടിസ്ഥാന കാരണത്താൽ നിരസിക്കുകയും ചെയ്ത സാഹചര്യത്തിൽ റീടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രവൃത്തിയുടെ അളവ് മുൻകൂട്ടി നിശ്ചയിച്ചിട്ടില്ല

സർവ്വീസ് കാലാവധി പൂർത്തിയായതും നിലവിൽ തകരാറിലായതുമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സ്ഥാപനം നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ആകെ റിപ്പയർ ചെയ്ത എൽ.ഇ.ഡി ബൾബുകളുടെ എണ്ണം മനസ്സിലാക്കാൻ കഴിയുന്നത്. ഓരോ വാർഡിലും ഇത്ര എണ്ണം ലൈറ്റുകൾ എന്ന രീതിയിയിലാണ് സ്ഥാപനം ലിസ്റ്റ് തന്നിരിക്കുന്നത്. സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. 011/6.11.2020 പ്രകാരം 24 W എൽ.ഇ.ഡി വിളക്കുകളുടെ റിപ്പയർ & സ്ഥാപിക്കൽ പ്രവൃത്തിക്ക് ആകെ 890 എണ്ണത്തിന്

നികുതിയടക്കം 534000 രൂപയാണ് വില കണക്കാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ വാങ്ങൽ എത്ര, റിപ്പയർ എത്ര എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല. ആയതിനാൽ ബില്ലിൽ ഈടാക്കിയ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

വാങ്ങൽ നടപടികൾ Gem ലൂടെ നടപ്പിലാക്കിയിട്ടില്ല

24 W എൽ.ഇ.ഡി വിളക്കുകളുടെ റിപ്പയർ & സ്ഥാപിക്കൽ പ്രവൃത്തിക്ക് ആകെ 890 എണ്ണത്തിന് നികുതിയടക്കം 534000 രൂപയാണ് ചെലവു കണക്കാക്കിയിട്ടുള്ളത്. ഗവ.ഇ-മാർക്കറ്റ്പ്ലേസ്(GeM) മുഖേന ലാമ്പുകൾ വാങ്ങി കരാറുകാരന് നൽകുകയും കരാറുകാരന് റിപ്പയർ ചുമതല മാത്രം നൽകുന്ന രീതിയിലും

പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

കരാറുകാരന് തുക നൽകൽ

സ്ഥാപനത്തിന് നൽകുവാനുള്ള ഇ.എം.ഡി ഉൾപ്പെടെയുള്ള എല്ലാ തുകകളും മുൻഗണനാക്രമത്തിൽ കാലതാമസം കൂടാതെ നൽകേണ്ടതാണ്. എന്നാൽ ഇൻവോയ്സ് പ്രകാരം 534000 രൂപയുടെ പ്രവൃത്തി ചെയ്തെങ്കിലും 390000 രൂപ മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ നം. എ3-2020/2020 തീയതി 21.12.2020 സാക്ഷ്യപത്രം പ്രകാരം വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിലവിൽ നീക്കിയിരിപ്പുള്ള 390000 രൂപ പാർട്ട് ബില്ലായി അനുവദിക്കുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുക നാളിതു വരെ നൽകിയിട്ടില്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ വാങ്ങൽ നടത്തുന്നത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

പ്രവൃത്തിയുടെ ഗുണനിലവാരം

സെക്രട്ടറിയുടെ 15.01.21 ലെ നം. എ3/21/21 കത്ത് പ്രകാരം ഗ്രീൻലീഫ് ടെക്നോളജി 2018-19 വർഷം സ്ഥാപിച്ച തെരുവു വിളക്കുകളിലും 20-21 വർഷത്തിൽ റിപ്പയർ ചെയ്ത തെരുവു വിളക്കുകളിലും ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല എന്ന് കണ്ടെത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം റിപ്പയർ ചെയ്തവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമല്ലാതായി എന്നതിന് രേഖകളില്ല. സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 13/12.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM ൽ ലഭ്യമാകുന്ന സാധനങ്ങൾ GeM മുഖേന വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്.
2. ടെണ്ടർ നടപടികളിൽ സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
3. ആവശ്യമായ ഫണ്ട് ഉറപ്പാക്കിയതിനുശേഷം മാത്രം പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.
4. കരാറുകാരന് നൽകുവാൻ ബാക്കിയുള്ള തുക നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
5. പ്രവർത്തനക്ഷമമല്ലാത്ത ബൾബുകൾ മാറ്റി സ്ഥാപിച്ചതിന്റേയും സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികളുടേയും വിവരം അറിയിക്കേണ്ടതാണ്.
6. നിലാവ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
7. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളവിതരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജൽജീവൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്

1. പൊതുടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്ത് നിലവിൽ 130 പൊതുകുടിവെള്ള ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നത്. പ്രതിമാസം 56875 രൂപ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കുകയും ചെയ്തു വരുന്നു. ഇതിനായി പ്രോജക്റ്റ് രൂപീകരിച്ച് (193/21) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 455000 രൂപയും തനത് ഫണ്ടിൽ നിന്നും 227500 ചെലവഴിച്ചിട്ടുണ്ട്.

ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താതെയാണ് വെള്ളക്കരം ഒടുക്കിവരുന്നത്.

2. ജലജീവൻ പദ്ധതി

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ

ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്.

ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിക്കായുള്ള ആകെ എസ്റ്റിമേറ്റ് തുക 58.5 ലക്ഷം രൂപയാണ്. ആകെ ഗ്രാമപഞ്ചായത്ത് വിഹിതം (15%) 8.77 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതം (10%) 585000 രൂപയുമാണ്. രണ്ടു ഘട്ടങ്ങളിലായി ആകെ 4948 വീടുകൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച ജലജീവൻ പദ്ധതി പ്രകാരം 900 വീടുകൾക്ക് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഫണ്ട് വിവരങ്ങൾ താഴെ പറയുന്നു.

പ്രോജക്ട് നം. 39/21
അടങ്കൽ -900000 (വികസനഫണ്ട് ജനറൽ)
ചെലവ് - 843000 (36/30.03.2021)

നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയെ ആണ്. തൻവർഷത്തെ ആകെ അടങ്കൽ തുകയായ 58.5 ലക്ഷം രൂപയുടെ 15% തുക രൂപ 8.77 ലക്ഷം രൂപയിൽ 843000 രൂപ കേരളവാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം വാട്ടർ അതോറിറ്റിക്ക് ഗുണഭോക്താവ് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. പദ്ധതി നാളിതുവരെ പൂർത്തിയായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജലജീവൻ പദ്ധതിയുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഉറപ്പാക്കി എത്രയും വേഗം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് ആ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കി പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന അധിക ചെലവ് കുറയ്ക്കാവുന്നതാണ്.

3. മഴവെള്ള സംഭരണം, ജലസുരക്ഷ, ഭൂജല പരിപോഷണം ഇവക്കായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

## 1-20 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

### എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 16.07.2021 ലെ 4(1) നം തീരുമാനം പ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്രതിമാസ യൂസർ ഫീ ആയി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വീടുകളിൽ നിന്നും 30 രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്. ബൈലോ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫീസ് ഈടാക്കുന്നില്ല.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 11.07.2020 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 34 പേരാണുണ്ടായിരുന്നത്. നിലവിൽ 23 അംഗങ്ങളാണുള്ളത്. അയിലൂർ ഗ്രൂപ്പ്, അടിപ്പെരണ്ട ഗ്രൂപ്പ്, കയറാടി ഗ്രൂപ്പ് എന്നിങ്ങനെ 3 ഗ്രൂപ്പുകളായാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.
വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ച് നിശ്ചിത ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറിവരുന്നുണ്ട്. സേനാംഗങ്ങൾക്കുള്ള യൂണിഫോം, കൂടാതെ ഗ്ലൗസ്, ഗംബൂട്സ്, സാനിറ്റൈസർ, തുടങ്ങിയ സുരക്ഷാസാമഗ്രികളും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ 8760 വീടുകളും 200 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്.
യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികളും മൈക്ക് അനൗൺസ്മെന്റും നടത്തിവരുന്നതായും 3 തവണയിൽ കൂടുതൽ യൂസർഫീ നൽകാത്തവരുടെ ലിസ്റ്റ് നൽകാൻ ഹരിത കർമ്മസേനാംഗങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം (നം. 219/20) 48611 രൂപ ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട് (വികസനഫണ്ട്-ജനറൽ).

2020-21 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് 393975 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പാളിയമംഗലം, അടിപ്പെരണ്ട എന്നീ വാർഡുകളിൽ മാത്രമാണ് എം.സി.എഫുകൾ ഉള്ളത്. എം.സി.എഫുകളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.
അസി. എഞ്ചിനിയർ മുഖേന മാലിന്യ സംസ്കരണ പ്രവൃത്തികളുടെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി പ്രോജക്ടുകൾ രൂപീകരിച്ച് തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

1. 356/21-ഉറവിട എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് 824000 രൂപ സെൻട്രൽ ഫണ്ടിൽ നിന്നും വകയിരുത്തി 667948 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. എം.ആർ.എഫ്. നിർമ്മാണം-358/21 ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ

സെന്റർ നിർമ്മാണത്തിനായി 1720000 രൂപ കേന്ദ്ര വിഹിതത്തിൽ നിന്നും വകയിരുത്തി 727334 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്രട്ടറി അറിയിച്ചു.

ജി. റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവ് പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഹരിതസഹായ സ്ഥാപനങ്ങളുടെ വിഹിതം ഇനത്തിൽ 145134 രൂപ സി.എഫ്. സി ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ട്. മുണ്ടൂർ ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. യൂസർഫീ ലഭിക്കുന്നതിനുള്ള ക്യാംപെയിനുകളിൽ ഹരിത സഹായ സ്ഥാപനം ഇടപെട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നതായും സേനാംഗങ്ങൾക്കായി സോപ്പ് നിർമ്മാണത്തിനുള്ള പരിശീലനം നടകിയതായും അറിയിച്ചു. (വിശദാംശങ്ങൾ തുടർ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്).

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് മാലിന്യ നീക്കം നടത്തിയിട്ടുണ്ട്.

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

06.11.2020 വരെ ഹരിത കർമ്മസേനാ സംരംഭങ്ങൾക്കോ, കൺസോർഷ്യത്തിനോ അക്കൗണ്ട് ആരംഭിച്ചിരുന്നില്ല. യൂസർഫീ ഗ്രാമപഞ്ചായത്തിൽ നേരിട്ട് കൈയിൽ സൂക്ഷിക്കുന്ന രീതിയായിരുന്നു തുടർന്നു വന്നിരുന്നത്. 06.11.2020 ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആരംഭിച്ചപ്പോൾ മുന്നിരിപ്പായി 17000 രൂപ അടവാക്കിയിട്ടുണ്ട്. 05.10.2021 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 82803 രൂപയാണ്.

എച്ച്. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വി.ഇ.ഒ മാർ ചുമതലകൾ നിർവ്വഹിക്കുന്നതായി സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫിൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും

അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് ഉറപ്പാക്കേണ്ടതാണ്.
  .യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മാലിന്യ സംസ്കരണ സംവിധാനം - ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങൾ ഉറപ്പാക്കേണ്ടതാണ്

അയിലൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഹരിത സഹായ സ്ഥാപനമായി തെരെഞ്ഞെടുത്ത ഐ.ആർ.ടി.സി യ്ക്ക് വിഹിതം നൽകുന്നതിന് 2020-21 വർഷം താഴെ പറയുന്ന പദ്ധതി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം./പേര് : SO 413/20 ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ

അടങ്കൽ : 145134/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 145134/-

ബിൽ നം. 33/31.03.2021

ഐ.ആർ.ടി.സി, മുണ്ടൂർ ഹരിത സഹായ സ്ഥാപനത്തിന്റെ 438000100090103 PUNB0431800 എന്ന അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്.

ഹരിത കർമ്മ സംരഭങ്ങൾക്ക് സാങ്കേതികത്വവും സ്വയംപര്യാപ്തതയും കൈവരിക്കുന്നതിന് ഹരിതകർമ്മസേന കൺസോഷ്യത്തിന്റെയും ഹരിതകർമ്മസേന സംരംഭങ്ങളുടേയും കൺസൾട്ടൻസി ഏജൻസിയായി 27.08.2020 തീയതിയിലെ 5(9) നമ്പർ തീരുമാനം പ്രകാരം മുണ്ടൂർ ഐ.ആർ.ടി.സി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. സ.ഉ(സാധാ)നം.407/2018/തസ്വഭവ തീയതി 09.02.2018, സ.ഉ(സാധാ)നം.471/2019/തസ്വഭവ തീയതി 01.03.2019 എന്നീ ഉത്തരവുകളുടേയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.03.2020 ലെ 331/സി5/2019/എസ്.എം നമ്പർ നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ പ്രതിമാസം 24189/- രൂപ നിരക്കിൽ 6 മാസത്തേക്കുള്ള തുകയാണ് നൽകിയിട്ടുള്ളത്. ഐ.ആർ.ടി.സി രജിസ്ട്രാറുമായി സെക്രട്ടറി ചമച്ച കരാറിൽ ഹരിത സഹായ സ്ഥാപനത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് സാങ്കേതിക സഹായങ്ങൾ നൽകുക, പൊതു ജൈവ മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിതകർമ്മസേനയെ പരിശീലിപ്പിക്കുക, അജൈവ മാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള മറ്റു സ്ഥാപനങ്ങളെ (ക്ലീൻ കേരള കമ്പനി ഒഴികെ) കണ്ടെത്തുക, അധിക വരുമാനദായക പ്രവർത്തനങ്ങൾ കണ്ടെത്തി വികസിപ്പിക്കുക തുടങ്ങിയ ഹരിത സഹായ സ്ഥാപനത്തിന്റെ 15 ചുമതലകൾ കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹരിത സഹായ സ്ഥാപനം

ഗ്രാമപഞ്ചായത്തിന് ഇതുവരെ നൽകിയിട്ടുള്ള സേവനങ്ങൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. നം. 28/21.10.2021-ന് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ഹരിത സഹായ സ്ഥാപന പ്രതിനിധികൾ നിരന്തര ഇടപെടലുകൾ നടത്തുന്നുണ്ടെന്നും പ്രവർത്തന റിപ്പോർട്ട് കൃത്യമായി നൽകുന്നുണ്ടെന്നും എന്നാൽ ശുചിത്വ മാലിന്യ സംസ്കരണ അവസ്ഥാ വിശകലന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

ഹരിത കർമ്മസേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങൾ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-22 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എം.സി.എഫ്) - അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്

305/20- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എം.സി.എഫ്)
അടങ്കൽ - 1720000 (Gen-682025 + 1037975-കേന്ദ്രാവിഷ്കൃതം)
കരാറുകാരൻ - ശ്രീ.സലീം.ഐ
എഗ്രിമെന്റ് നം.:146/24-3-2020
അളവു പുസ്തകം - 146/19-20
ചെലവ് - 727334
ചെക്ക് നം.5159542/21-12-20 – 362744 രൂപ + 5153565/1-3-21 – 364590 രൂപ)
പൂർത്തീകരണ കാലാവധി - 6 മാസം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന ഘടകങ്ങൾക്കാണ് തുക വകയിരുത്തിയിരുന്നത്.

1. കെട്ടിട നിർമ്മാണം - 727621
2, ജലവിതരണം, ശുചിത്വ സൗകര്യങ്ങൾ - 25000
3. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ - 900000
4. ഇലക്ട്രിഫിക്കേഷൻ - 58000
5. മറ്റു ചെലവുകൾ - 9470
ആകെ - 1720000 (Rounded)

മേൽ സൂചിപ്പിച്ച ഘടകങ്ങളിൽ കെട്ടിട നിർമ്മാണത്തിനു മാത്രം ടെണ്ടർ ക്ഷണിക്കുകയും 13-7-2020 ന് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എം.സി.എഫ് കെട്ടിടം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ എല്ലാ ഘടകങ്ങളുടേയും പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല. അവശ്യം വേണ്ട വൈദ്യുതീകരണം, ജല ലഭ്യത എന്നിവ പോലും ഉറപ്പാക്കിയിട്ടില്ല.

പ്രോജക്റ്റ് പ്രകാരം 9 ലക്ഷം രൂപ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിനായാണ് വകയിരുത്തിയിരിക്കുന്നത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം മാത്രം ലഭ്യമാക്കേണ്ട മെഷിനറിക്കായി പ്രോജക്റ്റിൽ തുക വകയിരുത്തിയതിനാൽ ഫണ്ട് വിനിയോഗം സാധ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനായി നിർമ്മിച്ച എം.സി.എഫിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.21/18-10-21 നുള്ള മറുപടിയിൽ പ്രൊജക്റ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായും ബാക്കി പ്രവൃത്തികൾ സെക്രട്ടറിയാണ് നിർവ്വഹിക്കേണ്ടതെന്നും അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എം.സി.എഫിന്റെ അനുബന്ധ പ്രവൃത്തികളായ വൈദ്യുതീകരണം, ജലലഭ്യത എന്നിവ അടിയന്തിരമായി

ഉറപ്പാക്കേണ്ടതും കെട്ടിടം പ്രവർത്തനസജ്ജമാക്കേണ്ടതുമാണ്.
ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ വിശ്രമ സ്ഥലവും ഓഫീസ് സജ്ജീകരണവും ഏർപ്പെടുത്തേണ്ടതാണ്.

എം.സി.എഫിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളുടെ വിവരവും അറിയിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സ്കൂളുകളിൽ സ്ഥാപിച്ച എയ്റോബിക് ബിന്നുകളുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്

പ്രോജക്റ്റ് നം.356/21-എയ്റോബിക് ബിൻ (തുമ്പൂർമുഴി മോഡൽ) നിർമ്മാണം

GUPS അയിലൂർ, GUPS കയറാടി, GHS തിരുവഴിയാട് എന്നീ സ്കൂളുകളിൽ നാല് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (തുമ്പൂർമുഴി മോഡൽ) ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. GUPS അയിലൂർ, GUPS കയറാടി എന്നീ രണ്ടു സ്കൂളുകളിലെ നിർമ്മാണം പൂർത്തീകരിച്ച് കരാറുകാരന് ബിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 824000 ( കേന്ദ്രവിഹിതം )
PAC- 784713
APAC-762612
കരാറുകാരൻ - ശ്രീ.സലീം.ഐ
എഗ്രിമെന്റ് നം.:162/8-3-2019
ചെലവ് - 667948
ചെക്ക് നം. നം.5434619/14-12-2020-667948
പൂർത്തീകരണ കാലാവധി - 6 മാസം

17-7-2020 ന് പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ കമ്പോസ്റ്റ് യൂണിറ്റുകൾ നാളിതുവരെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. 15-12-2019 ന് അസി.എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്കൂളുകളിൽ പ്രോജക്റ്റ് നടപ്പാക്കിയാൽ കൃത്യമായ മേൽനോട്ടം, പരിപാലനം എന്നിവ ആവശ്യമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.21/18-10-2021 നുള്ള മറുപടിയിൽ ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്കൂളുകൾ തുറന്നു പ്രവർത്തിക്കുമ്പോൾ സ്കൂൾ അധികൃതർക്ക് ബിന്നുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി സ്കൂൾ അധികൃതരുമായി ചർച്ച ചെയ്ത് പരിപാലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്നും ബിന്നുകൾ നിഷ്ക്രിയാവസ്ഥയിൽ അവശേഷിക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

1. പ്രോജക്ട് നം. 29/20

അടങ്കൽ- 1196790 (1177094രൂപ -സി.എഫ്. സി ഗ്രാന്റ്, 19696-തനത് ഫണ്ട്)
ചെലവ് -19696 (തനത് ഫണ്ട്-2/2020)
2.പ്രോജക്ട് നം 226/2021 (സ്പിൽ ഓവർ)
അടങ്കൽ -1182095 (സി.എഫ്. സി ഗ്രാന്റ്)
ചെലവ് - 1177094 (സി.എഫ്. സി ഗ്രാന്റ്)
1099055 (ബിൽ നം. 32/23.03.2021)
78039-(ബിൽ നം 5/29.05.2020)

വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതിലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന്

പരിശോധിക്കുന്ന തിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

കെ.എസ്.ഇ.ബി യുടെ നെന്മാറ, മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷനുകൾക്കാണ് നിർവ്വഹണ ചുമതല. സെക്രട്ടറിയുടെ നം. എ3-1920/18 തീയതി 19.102019 പ്രകാരം ആവശ്യപ്പെട്ടതിനെത്തുടർന്ന് രണ്ട് സെക്ഷനുകളിലായി ആകെ 1196790 രൂപയുടെ രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. രണ്ട് വർഷങ്ങളിലായാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ നെന്മാറ ഇലക്ട്രിക്കൽ സെക്ഷനുമായി മാത്രമാണ് നിയമാനുസൃത കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. മുടപ്പല്ലൂർ സെക്ഷനുമായി കരാർ വച്ചിട്ടില്ല. കരാറിൽ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് ചെയ്യേണ്ടതാണെന്നും പ്രോജക്ടിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബി യുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാത്തതിനാൽ ആയത് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി R&P പത്രിക (ഷെഡ്യൂൾ RP 38 Fixed Asset Code-410600102) പരിശോധിക്കുമ്പോൾ കാണുന്നു. പൂർത്തീകരണ വിവരം ഉറപ്പ് വരുത്താതെയാണ് Asset ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ നം 15/12.1.2021 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിലവിൽ പ്രവർത്തികൾ പൂർത്തീകരിച്ചതായും വിനിയോഗ സാക്ഷ്യപത്രവും എഗ്രിമെന്റ് സംബന്ധിക്കുന്ന രേഖകളും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-25 സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

നിർവഹണം: ഹെഡ്മിസ്ട്രസ്

പ്രൊജക്ട് നം./പേര് : 164/21 സാക്ഷരതാ തുല്യതാ പരിപാടി

അടങ്കൽ : 50000/ -വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് : 50000/-

ബിൽ നം. 8/20-21 തീയതി 18.03.21

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 20 പേർക്ക് 1800/- രൂപ നിരക്കിൽ പത്താം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 36000/- രൂപയും 5 പേർക്ക് 2500/- രൂപ നിരക്കിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 12500/- രൂപയും പട്ടികജാതി വിഭാഗത്തിൽപെട്ട 5പേർക്ക് 300/- രൂപ നിരക്കിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 1500/- രൂപയും ഉൾപ്പെടെ 50000/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 02880100113107 -UCBA0000288). സാക്ഷരതാ മിഷന്റെ 2020-21 വർഷത്തെ പ്രോസ്പെക്ടസ് പ്രകാരം പത്താംതരം തുല്യതാ കോഴ്സ് ഫീസ് 1750 രൂപയും രജിസ്ട്രേഷൻ ഫീസ് 100 രൂപയുമുൾപ്പെടെ ആകെ ഫീസ് 1850 രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം 20 പേർക്ക് 1800/- രൂപ നിരക്കിൽ 36000/- രൂപ അടവാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസ്സുകളുടെ വിവരം, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.19/18.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-26 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- അപാകതകൾ

2020-21 വർഷം ഹെഡ്മിസ്ട്രസ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് നം./പേര് : 254/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ (സ്പിൽ ഓവർ)

അടങ്കൽ : 495000/ -വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 491782/-

ബിൽ നം. 2/20-21 തീയതി 20.04.2020

ദാസ് എജൻസീസ്, കോർട്ട് റോഡ്, ആലത്തൂർ എന്ന സ്ഥാപനത്തിന് ₹491782/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.0739201000385 CNRB0000739). ഇൻവോയ്സ് നം. 94/23.03.2020 പ്രകാരം 121 ചെയർ 121 ടേബിൾ എന്നിവ സപ്ലൈ ചെയ്തിട്ടുണ്ട്.

2. പ്രൊജക്ട് നം./പേര് : 255/21 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ (സ്പിൽ ഓവർ)

അടങ്കൽ : 125000/ -വികസന ഫണ്ട് (ടി.എസ്.പി)

ചെലവ് : 124961/-

ബിൽ നം. 1/20-21 തീയതി 20.04.2020

ഇൻവോയ്സ് നം. 93/23.03.2020

ദാസ് എജൻസീസ്, കോർട്ട് റോഡ്, ആലത്തൂർ എന്ന സ്ഥാപനത്തിന് ₹124961/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.0739201000385 CNRB0000739). ഇൻവോയ്സ് നം. 94/23.03.2020 പ്രകാരം 31 ചെയർ 31 ടേബിൾ എന്നിവ സപ്ലൈ ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടേബിൾ, ചെയർ എന്നിവ വിതരണം ചെയ്യുന്നതിന് ഓരോ പ്രോജക്ടിനും പ്രത്യേകം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതാണെന്ന സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 ലെ നിർദ്ദേശം പാലിച്ചിട്ടില്ല. സ.ഉ(എം.എസ്)നം.13/2015/ഐടിഡി തീയതി 12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രക്യൂർമെന്റ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ആവശ്യകത ഒരുമിച്ച് കണക്കാക്കുമ്പോൾ ആകെ അടങ്കൽ 5 ലക്ഷം രൂപയിൽ അധികരിക്കുമായിരുന്നിട്ടും ഇ-ടെണ്ടർ നടപടികൾ കൈക്കൊണ്ടില്ല.
2. സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രൊജക്ട് നം. 255/21 പ്രകാരം 31 മേശ, 31 കസേര എന്നിവ വിതരണം ചെയ്തതിന് രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. നം. 20/18.10.2021 ന് മറുപടി നൽകിയിട്ടില്ല.
ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി വാങ്ങലുകൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രൊജക്ട് നം. 255/21 പ്രകാരം ചെലവഴിച്ച തുക ₹124961/- രൂപ തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും ആനുകൂല്യം അനുവദിച്ചു

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷനിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 21.07.2018-ലെ 334/ഡി.സി.1/18/തസ്വഭവ സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ

മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ (റെട്രോഫിറ്റിംഗ്) പദ്ധതി ബിപിഎൽ കുടുംബങ്ങൾക്ക് മാത്രമാണ് അനുവദിക്കാവുന്നത്. 5000/- രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിൽ നിന്നും 4240/- രൂപ പ്ലാൻ/തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. 2020-21 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം./ പേര് | 435/21, ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് | | |
|---|---|---|---|
| | ഫണ്ടിനം | അടങ്കൽ | ചെലവ് |
| | ധനകാര്യ കമ്മീഷൻ അവാർഡ് | 360400 | 245920 |
| | കേന്ദ്രാവിഷ്കൃത ഫണ്ട് | 425000 | 290000 |
| | ആകെ | 785400 | 535920 |

മേൽ പദ്ധതി പ്രകാരം 58 ഗുണഭോക്താക്കൾക്കാണ് റെട്രോഫിറ്റിംഗിനായി തുക അനുവദിച്ചിട്ടുള്ളത്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്ന് കാണുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | പേര് | റേഷൻ കാർഡ് നം. |
|---|---|---|---|
| 1 | - | വാസു | 1947077899 |
| 2 | 24 | സിലോമണി | 1947081249 |
| 3 | 7 | പത്മാവതി | 1947055938 |
| 4 | 8 | കുഞ്ഞുമുഹമ്മദ് | 1947102999 |
| 5 | 10 | ഷീജ | 1947128590 |
| 6 | 27 | മണി | 1947096622 |
| 7 | - | ഓമന | 1947107007 |
| 8 | - | സത്യഭാമ | 1947056445 |
| 9 | 41 | സൗജത്ത് | 1947077924 |
| 10 | - | ബാലകൃഷ്ണൻ | 1947078150 |
| 11 | 42 | ശാന്തകുമാരി | 1947056345 |
| 12 | 40 | ചെന്താമര | 1947106207 |
| 13 | - | എൽദോസ് | 1947056817 |
| 14 | 25 | തത്ത | 1947080967 |
| 15 | 44 | മാണിക്യൻ | 1947087508 |
| 16 | 48 | കല്യാണി | 1947078117 |

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെങ്കിലും മേൽ പട്ടികയിലെ 16 ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് കാണുന്നു. ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന തെളിയിക്കുന്ന മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.21/23.10.2021-ന് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെല്ലാം ബിപിഎൽ വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഫീൽഡ്തല അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയതിനുശേഷം മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ലൈഫ് മിഷൻ- ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ | ലൈഫ് രജിസ്റ്റർ | പേര്, വിലാസം | അനുവദിച്ച തുക |
|---|---|---|---|

| നം. | പേജ് നം. | | |
|---|---|---|---|
| 1. | 169 (സർക്കിൾ-1) | ശോഭന, W/o.വനമോഹൻ.കെ, പുളിക്കൽ ചിറ, അയിലൂർ വാർഡ്-1 | ചെക്ക് നം.2807718 തീ. 25.02.2020 40,000/- |
| 2. | 177 (സർക്കിൾ-2) | അർച്ചന, W/o സതീഷ്, വീഴ്‌ലി, പയ്യാംകോട്. വാർഡ് -17 | ഒന്നാം ഗഡു ചെക്ക് നം. 2334889 തീ. 31.10.2018 40,000/- രണ്ടാം ഗഡു ചെക്ക് നം.513913 തീ. 29.03.2019 1,60,000/- |

മേൽ ഗുണഭോക്താക്കൾ ഏത് സ്റ്റേജ് വരെ നിർമ്മാണം പൂർത്തീകരിച്ചു എന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/21.10.2021-ന് ക്രമ നം.1 ലെ വ്യക്തി കുടുംബപരമായ പ്രശ്നങ്ങൾ കാരണം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ആദ്യ ഗഡു നൽകിയ 40000/- രൂപ തിരികെ ഈടാക്കുന്നതാണെന്നും ക്രമ നം.2 ലെ ഗുണഭോക്താവ് ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും തുടർന്ന് ആരോഗ്യ പ്രശ്നങ്ങൾ കാരണമാണ് നിർമ്മാണ പുരോഗതി കൈവരിക്കാത്തതെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും- അർഹതപ്പെട്ട മുഴുവൻ ആനുകൂല്യവും നൽകേണ്ടതാണ്

| പ്രോജക്റ്റ് നം./പേര് | 150/21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും | |
|---|---|---|
| ഫണ്ടിനം | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്-പൊതുവിഭാഗം | 500000 | 405075 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 260000 | 206006 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 300000 | 0 |
| ആകെ | 1060000 | 611081 |

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ സ്കോളർഷിപ്പും ബത്തയും നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 2020-21 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ മേൽ പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

07.08.2020 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 49 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും 04.11.2020 ലെ 1/ 2 നമ്പർ തീരുമാനപ്രകാരം 14 വിദ്യാർത്ഥികളുടെയും ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ആകെ 60 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

3,00,000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയത് ചെലവഴിച്ചിട്ടില്ല. അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകിയിട്ടില്ല.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 25.01.2019-ലെ ഡിഎ1/19/2019/തസ്വഭവ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തിലും ഭിന്നശേഷിക്കാർക്ക് മുൻപ് അനുവദിച്ചിരുന്ന മുഴുവൻ ആനുകൂല്യങ്ങളും നൽകേണ്ടതാണെന്ന് സ.ഉ(സാധാ)നം.25/2021/ ത.സ്വ.ഭ.വ തീയതി 05.01.2021 പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും പൂർണ്ണമായി ആനുകൂല്യം നൽകാനായിട്ടില്ല.

ഗുണഭോക്താക്കൾക്ക് അർഹമായ തുക വകയിരുത്താതിരിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 02/06.10.2021 ന് ഡിപിസി അംഗീകാരം ലഭിക്കുന്നതിനുണ്ടായ കാലതാമസവും ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്താനുള്ള കാലതാമസവും കാരണമാണ് എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാൻ സാധിക്കാതെ വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം: ഹെഡ്മിസ്ട്രസ്
പ്രൊജക്റ്റ് നം./പേര് : 161/21 എസ് എസ് എ വിഹിതം നൽകൽ
അടങ്കൽ : 500000/- വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ് : 500000/-
ബിൽ നം. 05/20-21തീയതി 10.02.2021

തുക സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് (അക്കൗണ്ട് നം. 0812101063416 CNRB0000812) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. 29.01.2018 ലെ സ.ഉ.(കൈ)നം.11/2018/ ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3-ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 20/18.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി- തുക വിനിയോഗിക്കാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്

അയിലൂർ പഞ്ചായത്തിൽ ഭൂമിയുള്ള നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 7 ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി വകയിരുത്തിയ 28,00,000/- രൂപ 2018-19 വർഷത്തിൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ നിന്നും അയിലൂർ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറി കിട്ടിയിരുന്നു. ആയതിൽ നിന്ന് 6 ഗുണഭോക്താക്കൾക്ക് വി.ഇ.ഒ മുഖേന ധനസഹായം അനുവദിക്കുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങളാൽ ഒരു ഗുണഭോക്താവിന് തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല. അനുവദിക്കാനാവാത്ത തുക 400000/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.26/21.10.2021-ന് ഗുണഭോക്താവായ കുമാരൻ S/o പൊന്നു, പോത്തുപാറ എന്നയാളുടെ സ്ഥലം നിലം കാറ്റഗറിയിൽപെട്ട വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയായതിനാൽ പരിവർത്തന അനുമതി ആവശ്യമാണെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം

അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുക ചെലവഴിക്കാനാവാത്ത പക്ഷം ആയത് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്-അർഹമായ പരമാവധി ആനുകൂല്യം ലഭ്യമാക്കേണ്ടതാണ്

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. താഴെ പറയുന്ന പദ്ധതികൾ 2020-21 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രോജക്റ്റ് നം : 231/21 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര്: ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

അടങ്കൽ : 10,00,000 (വികസന ഫണ്ട്- പൊതുവിഭാഗം)

1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ- 11,00,000/-

ചെലവ് : 11,00,000/-

ബിൽ നം :

1/29.04.2020 : 365257/-

2/29.04.2020 : 387055/-

3/29.04.2020 : 247688/-

4/21.05.2020 : 100000/-

2. പ്രോജക്റ്റ് നം : 429/21

പ്രോജക്റ്റിന്റെ പേര്: ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

അടങ്കൽ : 4,54,600 (വികസന ഫണ്ട്- പൊതുവിഭാഗം)

1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ- 5,54,600/-

ചെലവ് : 5,54,600/-

ബിൽ നം :

5/12.03.2021 : 454600/-

6/26.03.2021 : 100000/-

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ്. അയിലൂർ ഗ്രാമപഞ്ചായത്തിലെ കല്ലംപറമ്പ്, കയറാടി, മാങ്കുറിശ്ശി, അടിപ്പരണ്ട, തലവെട്ടാംപാറ, അയിലൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും മംഗലംഡാം സഹകരണ സംഘത്തിൽ പാലളന്ന അയിലൂർ പഞ്ചായത്തിലെ കർഷകനുമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

പ്രോജക്റ്റ് നം. 231/21(SO) പ്രകാരം 2019 ഏപ്രിൽ, മെയ് മാസങ്ങളിലെ പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് 3 രൂപ നിരക്കിലും ജൂൺ മാസം 8 ദിവസത്തെ പാലളവിന് ലിറ്ററൊന്നിന് 4 രൂപ നിരക്കിലും ആഗസ്റ്റ് മാസത്തെ പാലളവിന് ലിറ്ററൊന്നിന് 1 രൂപ നിരക്കിലുമാണ് ഇൻസന്റീവ് അനുവദിച്ചിട്ടുള്ളത്.

പ്രോജക്റ്റ് നം. 429/21 പ്രകാരം 2020 ഏപ്രിൽ മാസത്തെ പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് 3 രൂപ നിരക്കിലും മെയ് മാസത്തെ പാലളവിന് ലിറ്ററൊന്നിന് 4 രൂപ നിരക്കിലും മെയ് മാസത്തെ 17 ദിവസത്തെ പാലളവിന് ലിറ്ററൊന്നിന് 3 രൂപ നിരക്കിലും, 12 ദിവസത്തെ പാലളവിന് ലിറ്ററൊന്നിന് 1

രൂപ നിരക്കിലുമാണ് ഇൻസന്റീവ് അനുവദിച്ചിട്ടുള്ളത്.

മേൽ പദ്ധതികൾ പ്രകാരം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചുവെങ്കിലും ക്ഷീരകർഷകർക്ക് അർഹമായ പരമാവധി സബ്സിഡി നൽകാനായിട്ടില്ല. കർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി ലഭ്യമാവുകയോ ബ്ലോക്ക് വിഹിതം വകയിരുത്തുകയോ ചെയ്തിട്ടില്ല.

അർഹമായ പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം പദ്ധതി ആവിഷ്കരിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 07/07.10.21-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അളക്കുന്ന പാലിന് ആനുപാതികമായി പരമാവധി ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 കാർഷിക മേഖലയിൽ മതിയായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല

ഭക്ഷ്യോത്പാദനത്തിലെ സ്വയംപര്യാപ്തത, വിളവിസ്തൃതി, ഉല്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി വികസനം, തരിശു ഭൂമി കൃഷി, മഴവെള്ള സംരക്ഷണം, തുടങ്ങിയവ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കുടിയേറ്റ കർഷകരടക്കമുള്ള കർഷകർ ധാരാളമായുള്ള ഗ്രാമപഞ്ചായത്തിൽ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ, റബ്ബർ തുടങ്ങിയവ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ പദ്ധതിക്കാലയളവിന്റെ അവസാന വർഷങ്ങളിലും കാർഷികമേഖലയ്ക്ക് മതിയായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. വകയിരുത്തിയ മുഴുവൻ തുകയും ലഭ്യമാക്കുന്നതിനും മുഴുവൻ തുക ചെലവഴിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

വിശദവിവരങ്ങൾ ഖണ്ഡികകൾ 1-33-1, 1-33-2 എന്നിവയായി ചേർക്കുന്നു.

1-33-1 കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയിട്ടില്ല

പതിമൂന്നാം പദ്ധതിക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 503.09 ഹെക്ടർ തരിശുഭൂമിയുള്ളതിൽ 4 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. കൂടാതെ കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത നെൽവയലുകൾ ആകെ 20 ഹെക്ടർ ഉള്ളതായും കാണുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രൂപീകരിച്ച സുഭിക്ഷ കേരളം പദ്ധതിയിൽ (സ.ഉ(സാധാ) നം. 1009/2020 ത.സ്വഭ.വ തീയതി 29.05.2020) ഉൾപ്പെടുത്തി തരിശു കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | |
|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ |
| 1 | നെല്ല് | 35000 | 5000 | 40000 |
| 2 | പച്ചക്കറി | 37000 | 3000 | 40000 |
| 3 | വാഴ | 32000 | 3000 | 35000 |
| 4 | പയർ വർഗ്ഗങ്ങൾ | 27000 | 3000 | 30000 |
| 5 | കിഴങ്ങു വർഗ്ഗങ്ങൾ | 27000 | 3000 | 30000 |

എന്നാൽ 2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പരിസ്ഥിതി സുരക്ഷയോടൊപ്പം നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖലയിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ ആവശ്യമായ മുഴുവൻ ഫണ്ടും വകയിരുത്തി ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണ

നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഹരിത കേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് കൊണ്ട് നീർത്തട പരിപാലന സമീപനത്തോടു കൂടിയാവണം കാർഷിക മേഖലയിലെ പദ്ധതികൾ.

2) മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ മതിയായ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും നെൽ കർഷകർക്ക് പരമാവധി സബ്സിഡി തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3) തരിശായിക്കിടക്കുന്ന നെൽവയലുകളുടെ വിവരം 2008ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും തരിശു ഭൂമിയിൽ പാട്ടകൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

4) മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശു നിലങ്ങളും മാലിന്യ രഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ള ഒരു സമൂഹം രൂപപ്പെടുത്താനുമായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

1-33-2 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

1. പ്രോജക്ട് നം. 21/21- സമൃദ്ധി ഉഴവുകൂലി (New)

| ഫണ്ട് | അടങ്കൽ | ലഭ്യമായ തുക | ചെലവ് |
|---|---|---|---|
| വികസനഫണ്ട് (പൊതു) | 2592500 | 2592500 | 2000000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1067500 | 786710 | 786710 |
| ജില്ലാപഞ്ചായത്ത് വിഹിതം | 1525000 | 0 | 0 |
| ആകെ | 5185000 | 3379210 | 2786710 |

2. പ്രോജക്ട് നം. 222/21 -സമൃദ്ധി ഉഴവുകൂലി (S O)

| ഫണ്ട് | അടങ്കൽ | ലഭ്യമായ തുക | ചെലവ് | മുൻവർഷത്തെ ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതു) | 1877131 | 1877131 | 1877131 | 449719 | 2326850 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1235500 | 1235500 | 1235500 | - | 1235500 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1765000 | 300000 | 300000 | - | 300000 |
| തനത് ഫണ്ട് | | | | 673650 | 673650 |
| ആകെ | 4877631 | 3412631 | 3412631 | 1123369 | 4536000 |

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.18 ലെ സബ്സിഡി മാർഗ്ഗരേഖ ഖ. 6.1.7 നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചു പ്രകാരം നെൽകൃഷി ഒരുപൂ കൃഷിക്ക് മാത്രം ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക 22000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 29 പാടശേഖരസമിതികളിലായി ആകെ 423 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് ഹെക്ടറിന് 15000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. 2019-20 വർഷം 305 ഹെക്ടർ

കൃഷിക്ക് 14872 രൂപ വീതവും 2020-21 വർഷം 353 ഹെക്ടറിന് 7894 രൂപ മാത്രമാണ് നൽകുവാൻ സാധിച്ചിട്ടുള്ളത്. കർഷകരുടെ എണ്ണത്തിനനുസരിച്ച് ലഭ്യമായ തുക വീതിച്ച് നൽകുമ്പോൾ വളരെ കുറഞ്ഞ തുക മാത്രമേ ഒരു കർഷകന് ലഭിക്കുന്നുള്ളൂ.

വികസനഫണ്ടിന്റെ അപര്യാപ്തതയാണ് മതിയായ അളവിൽ തുക വകയിരുത്താത്തതിനുള്ള പ്രധാന കാരണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ തൻവർഷം അനുവദിച്ച ആകെ വികസനഫണ്ടിൽ 32,85,587 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാൻ കഴിയാതെ നഷ്ടമായിട്ടുണ്ട്.

ഉത്പാദനമേഖലയ്ക്കായി ആകെ വകയിരുത്തിയ 95,10,631 രൂപയിൽ 83,54,044 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ സാഹചര്യത്തിലും കർഷകർക്ക് മതിയായ തുക നൽകുന്നതിന് കഴിഞ്ഞിട്ടില്ല. വകയിരുത്തിയ ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാത്ത സ്ഥിതിയുണ്ട്. ബ്ലോക്ക് വിഹിതവും മുഴുവൻ തുക ലഭ്യമായിട്ടില്ല.

കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനു മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപനമേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണെങ്കിലും ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതും മുഴുവൻ ഫണ്ടും ലഭ്യമാകാത്തതിന് കാരണമായിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 5/7-10-2021 ന് മറുപടി ലഭ്യമായില്ല.

പ്രോജക്റ്റ് രൂപീകരണത്തിനു മുമ്പായി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ന്യൂട്രിമിക്സ്- ഗുണനിലവാരം ഉറപ്പാക്കാതെ വിതരണം നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊ.നം.130/21 -അങ്കണവാടി പോഷകാഹാരം (ചെലവ് – 3200795) (വികസന ഫണ്ട് – ജനറൽ)

പ്രൊ.നം.147/21 -അങ്കണവാടി പോഷകാഹാരം (ചെലവ് – 1727439 ) (വികസന ഫണ്ട് – SCP)

പ്രൊ.നം.154/21 -അങ്കണവാടി പോഷകാഹാരം (ചെലവ് – 115281) (വികസന ഫണ്ട് –TSP)

മേൽ സൂചിപ്പിച്ച പ്രകാരം അങ്കണവാടി പോഷകാഹാര വിതരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള 26-3-13-ലെ നം.ഐ.സി.ഡി.എസ്/3458/12 നമ്പർ കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12-ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3 വയസുവരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഹരിത കുടുംബശ്രീ യൂണിറ്റ്, നെന്മാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭക്ഷ്യമിശ്രിതം പരിശോധന നടത്തുന്നതിനായി 28.02.2021 ന് അയച്ച

നൽകിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.3/06.10.2021-ന് ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ അയച്ചുനൽകുന്നുണ്ടെങ്കിലും റിപ്പോർട്ട് ലഭിക്കുന്നില്ല എന്നും കുടുംബശ്രീ യൂണിറ്റ് എല്ലാമാസവും സന്ദർശിച്ച് ശുചിത്വം ഉറപ്പുവരുത്തുന്നുണ്ടെന്നും ഐസിഡിഎസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.
ഗുണനിലവാരം ഉറപ്പാക്കി മാത്രം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 അസിസ്റ്റന്റ് സെക്രട്ടറി-പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷം അസി.സെക്രട്ടറി ആവിഷ്കരിച്ച 4 പദ്ധതികളും സ്പിൽ ഓവർ ആയി 2020-21 വർഷമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2020-21 വർഷം ഒരു പദ്ധതി മാത്രമാണ് പുതിയതായി ആവിഷ്കരിച്ചത്. ആയത് നടപ്പിലാക്കിയിട്ടുമില്ല.

സ.ഉ(കൈ)നം.59/2014/ത.സ്വ.ഭ.വ തീയതി 22.03.2021 പ്രകാരം എസ്.സി/എസ്.ടി പദ്ധതികളുടെ നിർവഹണം അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ ആകെ 2017-22 വർഷത്തേക്കുള്ള വികസന രേഖ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2406 പട്ടികജാതി കുടുംബങ്ങളും 159 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. ജനസംഖ്യയുടെ 15 ശതമാനം പട്ടികജാതി/പട്ടിക വർഗ്ഗക്കാരുണ്ടായിട്ടും 2020-21 വർഷം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) അനുസരിച്ച് ആശ്രയ/അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. 2020-21 വർഷം 500000/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് അഗതിരഹിത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയത് നടപ്പിലാക്കാത്തതിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ 2020-21 വർഷം പദ്ധതികൾ ആവിഷ്കരിക്കാത്തതിന്റെയും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/13.10.2021-ന് കോവിഡിന്റെ പശ്ചാത്തലത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലവുമാണ് മറ്റ് പദ്ധതികൾ ആവിഷ്കരിക്കാതിരുന്നതെന്നും അഗതിരഹിത കേരളം പദ്ധതിക്കായി തുക ചെലവഴിക്കാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.
പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 237 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 200 പ്രവൃത്തികൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 9.26 കോടി രൂപയിൽ 6.80 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 73% ആണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള ചെലവ്. കോവിഡ് പ്രതിസന്ധി ഉണ്ടായിട്ടും മുൻവർഷത്തേക്കാൾ 38% പ്രവൃത്തികൾ അധികമായി നിർവ്വഹണം നടത്തിയിട്ടുള്ളത് അഭിനന്ദനാർഹമാണ്.

37 പ്രോജക്റ്റുകൾ സ്പിൽ ഓവറാകുന്ന് സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പ്രവൃത്തി പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ പോലും തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ എണ്ണക്കൂടുതൽ തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി

നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേ ണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 22/20-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

1-37 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃതത പാലിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് കോൺക്രീറ്റിംഗ് | 56 |
| റോഡ് ടാറിംഗ് | 30 |
| റോഡ് നവീകരണം, അരികു സംരക്ഷണം | 45 |
| ഡ്രൈനേജ്, കൾവർട്ട് | 10 |
| കെട്ടിട നിർമ്മാണം | 14 |
| കെട്ടിട നവീകരണം, ചുറ്റുമതിൽ | 13 |
| കോളനി വികസനം | 10 |
| കുടിവെള്ളം, പൈപ്പ്ലൈൻ, ജലസേചനം | 22 |
| ആകെ | 200 |

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 65 ശതമാനവും റോഡ് പ്രവൃത്തികളാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

3. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

4. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

5. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ

വ്യവസ്ഥ ചെയ്യുന്നില്ല.

6. പല ഫയലുകളിലും സെലക്ഷൻ നോട്ടീസ്, എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതാതെയാണ് പല ബില്ലുകളും തയ്യാറാക്കിയിരിക്കുന്നത്.

8. പല അളവു പുസ്തകങ്ങളിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

10. ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികളുടെ ടാർ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 22(2)/20-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

1-38 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ആസ്തി സംരക്ഷണം ഫലപ്രദമായിരുന്നോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ 2019-20 വരെയുള്ള ഡാറ്റ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

3. റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 4.20 കോടി രൂപ വകയിരുത്തി 110 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 102 പ്രോജക്ടുകൾക്കായി 3.57 കോടി രൂപ (വകയിരുത്തിയ തുകയുടെ 85%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

4. റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 62.08 ലക്ഷം രൂപ വകയിരുത്തി 24 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 17 പ്രോജക്ടുകൾക്കായി 48.78 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 79%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കുമായി ചെലവഴിച്ച തുകകളും ആകെ ചെലവിൽ ഉൾപ്പെടുന്നുണ്ട്.

5. നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉദാ. 203/21- വിവിധ അങ്കണവാടികളുടെ വൈദ്യുതീകരണം - 150000 രൂപ

357/21- - വെറ്ററിനറി സബ്സെന്റർ - 150000 രൂപ

438/21-കൃഷിഭവൻ മെയിന്റനൻസ്- 100000 രൂപ

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മുൻഗണന നിശ്ചയിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 22/20-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

1-39 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ, നെമ്മാറയിൽ ഉള്ള അക്കൗണ്ടിൽ (നം.37232539603) നിലവിൽ 292913 രൂപയുടെ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 2/7-10-2021 നുള്ള മറുപടിയിൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-40 കരാർ തുകയിൽ പരിമിതപ്പെടുത്താതെ ബിൽ തുക അനുവദിച്ചു

ചീനിമുക്ക കോളനി റോഡ് അരികു സംരക്ഷണം (നം.127/20) എന്ന പ്രവൃത്തിയുടെ കരാറുകാന് ബിൽ തുക അനുവദിച്ചപ്പോൾ കരാർ തുകയിൽ പരിമിതപ്പെടുത്തിയില്ല. ആയതിനാൽ 2753 രൂപ അധികം നൽകിയിട്ടുള്ളത് ഈടാക്കേണ്ടതാണ്. (ഖ. 3-1 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്).

1-41 സ്ഥലലഭ്യത പൂർണ്ണമായി ഉറപ്പാക്കിയതിനുശേഷം മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്

തേങ്കുറിശ്ശി അടിപെരണ്ട റോഡ് സൈഡ് സംരക്ഷണം (നം.367/ 18 (213/21)) എന്ന പ്രവൃത്തിയുടെ കരാറുകാരനുമായി 01-11-2017 ൽ എഗ്രിമെന്റ് ഒപ്പുവെച്ചുവെങ്കിലും പ്രവൃത്തി സ്ഥലത്ത് പരിസരവാസികൾ തമ്മിൽ അതിർത്തി തർക്കം ഉള്ളതിനാൽ പ്രവൃത്തി പാതി വഴിയിൽ നിർത്തി വയ്ക്കേണ്ടി വന്നതായി 23-11-2017 ന് കരാറുകാരൻ അറിയിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 300000(MG-Road)
PAC- 297157
കരാറുകാരൻ - ശ്രീ.കാജാഹുസൈൻ
എഗ്രിമെന്റ് നം.:136/01-11-2017
അളവു പുസ്തകം - 100/17-18
ചെലവ് - 219619
ബിൽ നം.25/22-9-20

25-11-2017 ന് അസി.എഞ്ചിനീയർ സെക്രട്ടറിക്കു നൽകിയ കത്തിൽ പ്രവൃത്തി നിർത്തി

വച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൂർത്തീകരണ കാലാവധി 4 മാസമാണ് നൽകിയിരുന്നത്. ആയതനുസരിച്ച് 31-3-2018 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. പഞ്ചായത്ത് മെമ്പർ ഇടപെട്ട് തർക്കം പരിഹരിച്ചതായി 25-10-2018 ന് കരാറുകാരൻ പഞ്ചായത്തിനെ അറിയിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 21-11-2018 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തി ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 22/20-10-2021 നുള്ള മറുപടിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.
പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ മേൽ സൂചിപ്പിച്ച പ്രകാരമുള്ള പ്രശ്നങ്ങളുള്ള സ്ഥലങ്ങളിലെ പ്രവൃത്തികൾ ഒഴിവാക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പുള്ള പദ്ധതികൾ മാത്രം ഏറ്റെടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-42 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുന്നില്ല

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ, എ.ഇ യുടെ ശുപാർശ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് ആക്റ്റ്, 2019 പ്രകാരം 1-4-2019 മുതൽ സപ്ലിമെന്ററി എഗ്രിമെന്റിന്റെ മൂല്യം സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയ്ക്ക് അനുസരിച്ചാണ് ഈടാക്കേണ്ടത്.

1. 64/19- മല്ലംപാറയ്ക്കൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ - 600000 (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)

PAC- 580193

APAC-50093

കരാറുകാരൻ - ശ്രീ.രവീന്ദ്രൻ.വി

എഗ്രിമെന്റ് നം.:150a/19-11-2018

അളവു പുസ്തകം - 148a/19-20

ചെലവ് - 480744

ബിൽ നം.100/29-9-2020

പൂർത്തീകരണ കാലാവധി - 6 മാസം

18-5-2019 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാതെയാണ്. പ്രവൃത്തി പൂർത്തീകരിച്ചത് 12-6-2020 നു മാത്രമാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിൽ 510 രൂപ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്.

2. 63/19- നീലംകോട് അങ്കണവാടി സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ - 700000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡ്)

PAC- 699893

APAC-672469

കരാറുകാരൻ - ശ്രീ.രവീന്ദ്രൻ.വി

എഗ്രിമെന്റ് നം.:150/19-11-2018

അളവു പുസ്തകം - 129a/19-20

ചെലവ് - 622538

ബിൽ നം.101/29-9-2020

പൂർത്തീകരണ കാലാവധി - 6 മാസം

18-5-2019 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാതെയാണ്. പ്രവൃത്തി പൂർത്തീകരിച്ചത് 12-4-2020 ന മാത്രമാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിൽ 680 രൂപ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്.

3. 63/19-താഴേപറയംപള്ളം കയറാടി റോഡ് റീടാറിംഗ് & ഡ്രൈനേജ് കൺസ്ട്രക്ഷൻ

അടങ്കൽ - 1025000 (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)

PAC- 1024370

APAC-914558

കരാറുകാരൻ - ശ്രീ.വിനോജ്പോൾ

എഗ്രിമെന്റ് നം.:137/3-3-2020

അളവു പുസ്തകം - 137, 137a/19-20

ചെലവ് - 1024049

ബിൽ നം.96/27-8-2020 – 516778

173/8-3-21 – 507271

പൂർത്തീകരണ കാലാവധി - 3 മാസം

2-6-2020 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28-2-11 ദീർഘിപ്പിച്ച നൽകിയത് 200 രൂപയുടെ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിൽ 720 (920-200) രൂപ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 21(4)/18-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

PWD മാന്വൽ അനുസരിച്ചുള്ള പൂർത്തീകരണ കാലാവധി മാത്രം അനുവദിച്ച കൊണ്ട് പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വർഷങ്ങളോളം പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്നതിനുള്ള പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ PWD മാന്വൽ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
സർക്കാരിനുണ്ടായ 1910 രൂപയുടെ നഷ്ടം (510+680+720) നികത്തി വിവരം അറിയിക്കേണ്ടതാണ്.

1-43 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. പല പ്രവൃത്തികളുടെ ഫയലിലും അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസി. എഞ്ചിനിയറുടെ ശുപാർശയും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരനിൽ

നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴയും ഈടാക്കാതെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. ഏതാനം പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും തുക ഭാഗികമായി മാത്രം ക്രമീകരിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 378/19-എയ്റോബിക് ബിൻ (തുമ്പൂർമൂഴി മോഡൽ) നിർമ്മാണം<br>അടങ്കൽ - 824000 കേന്ദ്രവിഹിതം)<br>PAC- 784713<br>APAC-762612<br>കരാറുകാരൻ - ശ്രീ.സലീം.ഐ<br>എഗ്രിമെന്റ് നം.:162/8-3-2019<br>ചെലവ് - 667948<br>(ചെക്ക് നം. നം.5434619/14-12-20-667948)<br>പൂർത്തീകരണ കാലാവധി - 6 മാസം | 7-9-2019 | 17-7-2020 | 0 | 23541<br>(3%) | 23541 |
| 2 | 76/19-ആലംപള്ളം കക്രംകോട് കനാൽ ബണ്ട് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്<br>അടങ്കൽ - 400000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡ്)<br>PAC- 387854<br>കരാറുകാരൻ - ശ്രീ.അബ്ദുൾ ഖാദർ<br>എഗ്രിമെന്റ് നം.:142/3-10-2018<br>അളവു പുസ്തകം - 172/18-19<br>ചെലവ് - 400000<br>ബിൽ നം.98/11-9-2020<br>പൂർത്തീകരണ കാലാവധി - 6 മാസം | 2-4-2019 | 11-5-2020 | 11635 | 8000 | 3635 |

ആകെ – 27176 രൂപ

ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 21(3)/28-10-21 നുള്ള മറുപടിയിൽ വിവിധ കാരണങ്ങൾ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും കാലാവധി നീട്ടി നൽകയതിനെ ന്യായീകരിക്കുന്ന രേഖകൾ

ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ചുമാത്രം ഫൈനോട്ടുകൂടിയോ അല്ലാതെയോ കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. രണ്ടു തവണ മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. കരാറുകാരന്റെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവയൊന്നും ഫയലിലില്ല. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. കാലാവധഇ ദീർഘിപ്പിച്ചു നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുവാനും ഇടയാക്കിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-44 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

വിവിധ കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരം ബോർവെൽ കുഴിക്കൽ, മോട്ടോർ സ്ഥാപിക്കിൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ബോർവെൽ കുഴിക്കൽ മാത്രമാണ് നടന്നിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 110/21- പാറക്കൽ പള്ളത്തുമട കുടിവെള്ള പദ്ധതി

അടങ്കൽ - 300000 (CFC)

കരാറുകാരൻ - ശ്രീ.കാസിം.എസ്

എഗ്രിമെന്റ് നം.:35/17-8-2020

അളവു പുസ്തകം - 35/20-21

ചെലവ് - 85964

ബിൽ നം. 186/27-3-21

പൂർത്തീകരണ കാലാവധി - 4 മാസം

7-12-2020 നാണ് ഭൂജല വകുപ്പിൽ നിന്നുള്ള ഫീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്.

ആയതിനുശേഷം കുഴൽ കിണർ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

ഫീൽഡ് ടെസ്റ്റ് വൈകിയതിനാൽ 17-3-2021 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. 114/21-മരുതഞ്ചേരി കുടിവെള്ള പദ്ധതി

അടങ്കൽ - 400000 (CFC)

കരാറുകാരൻ - ശ്രീ.സലീം.ഐ

എഗ്രിമെന്റ് നം.:13/6-7-2020

അളവു പുസ്തകം - 13/20-21

ചെലവ് - 124251

ബിൽ നം. 197/29-3-21

പൂർത്തീകരണ കാലാവധി - 4 മാസം

7-12-2020 നാണ് ഭൂജല വകുപ്പിൽ നിന്നുള്ള ഫീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്.

ആയതിനുശേഷം കുഴൽ കിണർ നിർമ്മാണം മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്.

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിയും കഴിഞ്ഞാണ് ഭൂജല വകുപ്പിൽ നിന്നുമുള്ള ഫീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. ആയതിനാൽ കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിക്കുവാൻ സാധിക്കുകയും മോട്ടോർ സ്ഥാപിക്കൽ, പൈപ്പ്ലൈൻ പ്രവൃത്തികൾ, വൈദ്യുതീകരണം മുതലായവ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യമായ മുന്നൊരുക്കം നടത്തേണ്ടതും ഭൂജല വകുപ്പിൽ നിന്നുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുവാനും കരാറുകാർക്ക് സ്ഥലം കൈമാറുന്നതോടൊപ്പം പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്ന വിധത്തിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 21(5)/18-10-2020 നുള്ള മറുപടിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-45 അയിലൂർ GUPS മെയിന്റനൻസ് - ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രോജക്റ്റ് ആവിഷ്കരിച്ചതിനാൽ എസ്റ്റിമേറ്റിൽ കാതലായ മാറ്റമുണ്ടായി

പ്രോ.നം. 306/21- അയിലൂർ ജി.യു.പി.എസ് മെയിന്റനൻസ്
അടങ്കൽ - 1494000 (സി.എഫ്.സി), പുതുക്കിയ അടങ്കൽ - 700000 (സി.എഫ്.സി)
കരാറുകാരൻ - ശ്രീ.വൈ.ഷാജി
എഗ്രിമെന്റ് നം.:115/25-1-2020
അളവു പുസ്തകം - 146/19-20
ചെലവ് - 651237
ബിൽ നം. 79/8-7-20 – 170899 രൂപ, 199/8-7-21 – 480338 രൂപ
പൂർത്തീകരണ കാലാവധി - 3 മാസം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

ആദ്യ എസ്റ്റിമേറ്റ് പ്രകാരം CFC ഫണ്ടിൽ (Basic) നിന്നും 1494000 രൂപയാണ് വകയിരുത്തിയിരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം എസ്റ്റിമേറ്റ് തുക 7 ലക്ഷമാക്കി ചുരുക്കുന്നതിന് 23-1-21 ലെ തീരുമാനം നം. 1(14) പ്രകാരം പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. സ്കൂളിന്റേയും കോമ്പൗണ്ടിന്റേയും പുറകുവശത്തെ മതിൽ നിർമ്മാണം ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

ആദ്യഘട്ടത്തിൽ ഫണ്ട് വകയിരുത്തിയത് ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെയാണെന്ന് വിലയിരുത്തുന്നു. പ്രോജക്റ്റ്, എസ്റ്റിമേറ്റ് എന്നിവ അന്തിമമാക്കുന്നതിനു മുമ്പായി ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

തുടർവർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഫണ്ട് ലഭ്യത ഉറപ്പാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 21(8)/18-10-21 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
പദ്ധതി ആസൂത്രണത്തിലെ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-46 ഗ്യാസ് ക്രിമട്ടോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ പൂർത്തീകരിച്ച ഗ്യാസ് ക്രിമട്ടോറിയത്തിന്റെ അനുബന്ധ പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫർണസ് സ്ഥാപിക്കുകയോ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. തൻവർഷത്തെ പ്രവൃത്തിയുടെ വിവരം താഴെ ചേർക്കുന്നു.

404/20-ഗ്യാസ് ക്രിമട്ടോറിയം ചുറ്റമതിൽ നിർമ്മാണം

അടങ്കൽ - 4462070 (മറ്റു ഫണ്ടുകൾ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

കരാറുകാരൻ - ശ്രീ.പി.ഇ.ഷാജി

എഗ്രിമെന്റ് നം.:32/5-5-2020

അളവു പുസ്തകം - 32, 32a/20-21

ചെലവ് - 3544335

0586462/18-12-20 – 1282917

1586465/17-2-21-1902846

2807254/25-3-21-358572

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ഗ്യാസ് ക്രിമട്ടോറിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണത്തിനാണ് തൻവർഷം 35.44 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ ക്രിമട്ടോറിയത്തിനായി ലഭ്യമായ തുകയിൽ 1680679 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഗ്യാസ് ക്രിമട്ടോറിയത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 21(9)/18-10-2021 നുള്ള മറുപടിയിൽ ഫർണസ് നാളിതുവരെ സ്ഥാപിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനുശേഷം വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ക്രിമട്ടോറിയം പ്രവർത്തനക്ഷമമാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക അടിയന്തിരമായി ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

ഗ്യാസ് ക്രിമട്ടോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-47 കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.14/2020 /ആ.സാ.വ തിയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020 /തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ പ്രവർത്തനങ്ങളും അനിവദിക്കാവുന്ന സബ്സിഡിയും ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച രണ്ടു പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. 346/21-സുഭിക്ഷകേരളം മത്സ്യകൃഷി - വനിതകൾക്ക്

അടങ്കൽ - 230800 (വികസന ഫണ്ട് - 50400 + സംസ്ഥാനാവിഷ്കൃതം - 32800 + മറ്റുള്ളവ – 147600)

2. 247/21- ബയോഫ്ളോ ക് മത്സ്യകൃഷി

അടങ്കൽ - 414000 (വികസന ഫണ്ട് - 110400 + സംസ്ഥാനാവിഷ്കൃതം - 55200 മറ്റുള്ളവ – 248400 )

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 23/18-10-2021 ന് മറുപടി ലഭ്യമായില്ല.
വകയിരുത്തുന്ന തുക അതാതു വർഷം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-48 ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.
എ. തനതു ഫണ്ടിൽ നിന്നുള്ള ചെലവ്

പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹനവാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റീൻ ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ആകെ 623971 രൂപ തനത് ഫണ്ടിൽ നിന്നും ചെലവുണ്ട്. ആയതിൽ 256684 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും മുൻകൂർ ആയി ലഭ്യമായിട്ടുണ്ട്.
ബി. സി.എഫ്.എൽ.ടി.സി
സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും തൻവർഷം പദ്ധതി നടപ്പായില്ല.

ഡൊമിസിലിയറി കെയർ സെന്റർ ഗവ.ഹൈസ്കൂൾ തിരുവഴിയാടിൽ ആരംഭിച്ച് പ്രവർത്തിച്ചിട്ടുണ്ട്. 3 പാരാമെഡിക്കൽ സ്റ്റാഫുകൾ,. 6 ക്ലീനിംഗ് സ്റ്റാഫ്, 1 രാത്രികാല വാച്ച്മാൻ തുടങ്ങിയവരെ നിയമിച്ചിരുന്നു. ഓരോ വാർഡിലും RTPCR, ആന്റിജൻ ടെസ്റ്റുകൾ നടത്തി ഗ്രാമപഞ്ചായത്തിൽ കോവിഡ് നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
സി. പ്രത്യേക അക്കൗണ്ട്
കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് 13.08.2020 ന് ആരംഭിച്ചിട്ടുണ്ടെങ്കിലും (A/c No- 79901140000 6476) കോവിഡ് പ്രവർത്തനങ്ങൾക്കായുള്ള വരവ് ചെലവ് ഇടപാടുകൾ നിലവിലും തനത് ഫണ്ട് മുഖേനയാണ് നടപ്പിലാക്കുന്നത്.
ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ചട്ടപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ ഭാഗമായി പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സ്വീകരിക്കാവുന്നതാണ്.
ഡി. ജനകീയ ഹോട്ടൽ
കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.
ഭക്ഷണശാലയിലേക്കാവശ്യമായ സാമഗ്രികൾ വാങ്ങി നൽകുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്.
ഇ. ഓഡിറ്റ് നിർദ്ദേശം
കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
ഈ വിഷയത്തിലേക്ക് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-49 ആയുർവ്വേദ മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

പ്രോജക്ട് : ആയുർവ്വേദ മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

അടങ്കൽ -400000/- രൂപ( മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം )

ചെലവ് - 400000/- രൂപ(ബിൽ നം 4/തീ.15.3.21)

മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹണം നടത്തുന്ന പ്രൊജക്റ്റിൽ ആയുർവ്വേദ മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് 17.3.2021 ന് 4 ലക്ഷം രൂപ കൈമാറിയിട്ടുണ്ടെങ്കിലും 367206/- രൂപയുടെക്കുള്ള മരുന്നുകളാണ് ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 32794/- രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 11/12.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ 32794/- രൂപയുടെ ആയുർവ്വേദ മരുന്ന് ലഭ്യമാകുന്നതിനായി ഔഷധിയിലേക്ക് 19-08-2021 തീയതി കത്ത് നല്കുകയും കോവിഡ് പ്രതിരോധ മരുന്നുകൾ തയ്യാറാക്കുന്നതിന്റെ തിരക്കുകൾ മൂലം മരുന്നുകൾ വൈകുന്ന വിവരം ഫോൺ മുഖേന അറിയിച്ചിട്ടുള്ളതായും മരുന്നുകൾ ലഭ്യമാകാനുള്ള തുടർനടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ നഷ്ടം

ചീനിമുക്ക കോളനി റോഡ് അരിക് സംരക്ഷണം (നം.127/20) എന്ന പ്രവൃത്തിയുടെ കരാറുകാരന് ബിൽ തുക അനുവദിച്ചപ്പോൾ കരാർ തുകയിൽ പരിമിതപ്പെടുത്തിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ – 5 ലക്ഷം (MG-Road)

എഗ്രിമെന്റ് നം. 27/2-12-2019

സി.പുഷ്പാകരൻ

കരാർ തുക – 443839.474

ബിൽ തുക – 446297.75

+ GST 12% -53555.73

ആകെ - 499853 ( ബിൽ നം. 7/22-4-2020)
എം.ബുക്ക് നം. 27/19-20

നൽകേണ്ടത്: 443839.474 (കരാർ തുക) + 53260.83 (നികുതി) =497100

അധികം നൽകിയത് - 499853 – 497100 =2753

ഓഡിറ്റ് അന്വേഷണം നം. 21(1)/18-10-2021 നുള്ള മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി

അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 4.10.2021 മുതൽ 22.10.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1 | പാൽ സബ്സിഡി | 0 | 1 |
| | 2017-18 | 5225014 | ക്രിമട്ടോറിയം | 3544335 | 1680679 |
| | 2018-19 | 6006 | ഭിന്നശേഷി സ്കോളർഷിപ്പ് | 6006 | 0 |
| | 2019-20 | 50666 | പാലിയേറ്റീവ് | 50547 | 119 |
| | 2019-20 | 332653 | ലൈഫ് ഭവനം-ജനറൽ | 332653 | 0 |
| | 2019-20 | 1066504 | ലൈഫ് ഭവനം-എസ്.സി | 1066504 | 0 |
| | 2020-21 | 1235500 | 21/21-ഉഴവുകൂലി | 1235500 | 0 |
| | 2020-21 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2020-21 | 786710 | 222/21-ഉഴവുകൂലി (നേരിട്ട്) | 786710 | 0 |
| | 2020-21 | 220000 | 412/21-ലൈഫ്-scp (നേരിട്ട്) | 220000 | 0 |
| | 2020-21 | 760000 | 434/21-ലൈഫ്-scp | 760000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (നേരിട്ട്) | | |
| | 2020-21 | 740000 | 148/21-ലൈഫ്-scp (നേരിട്ട്) | 740000 | 0 |
| | 2020-21 | 1200000 | 437/21-ലൈഫ്-scp (നേരിട്ട്) | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം (നേരിട്ട്) | 2020-21 | 300000 | 222/21-ഉഴവു കൂലി | 300000 | 0 |
| | | 540000 | 67/21-ലൈഫ് | 540000 | 0 |
| | | 320000 | 434/21-ലൈഫ്-SCP | 320000 | 0 |
| | | 100000 | 231/21പാൽ സബ്സിഡി | 100000 | 0 |
| | | 100000 | 429/21-പാൽ സബ്സിഡി | 100000 | 0 |
| | | 90000 | 297/21-ലൈഫ്-എസ്.സി.പി | 90000 | 0 |
| | | 1160000 | 437/21-ലൈഫ്-എസ്.സി.പി | 1160000 | 0 |
| ഗ്രാമപഞ്ചായത്ത്-നെല്ലിയാമ്പതി | 2018-19 | 400000 | നെല്ലിയാമ്പതി-ലൈഫ് | 0 | 400000 (ജനറൽ) |
| ഗ്രാമപഞ്ചായത്ത്-നെല്ലിയാമ്പതി | 2020-21 | 240000 | നെല്ലിയാമ്പതി-ലൈഫ് | 240000 | 0 |

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും നേരിട്ട് ചെലവഴിച്ച തുകകൾ കൂടി മേൽ പട്ടികയിൽ ചേർത്തിട്ടുണ്ട്.

ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക ചെലവഴിക്കുകയോ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 226/21-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 32/23-3-21 | 1099055 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 38014118 | 1080000 | 39094118 | 3351412 | - | 35742706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 11403 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2018-19 | 1-31 | 2248 | 120020100448/21-5-20 | ശ്രീ.തോമസ്.പി.ജോൺ, അസി.എഞ്ചിനിയർ |
| | 1-11(14) | 450 | 120020100885/18-6-20 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി |
| | 1-11(11) | 550 | 120020100974/24-6-20 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി |
| | 1-11(4) | 1050 | 120020100516/26-5-20 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി |
| | 1-11 | 7066 | 120020100637/3-6-20 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി |
| ആകെ | | 11364 | | |

ഓഡിറ്റ് റിക്കവറിയിനത്തിൽ ആകെ 11403 രൂപ വരവായി കാണിച്ചിട്ടുള്ളതിൽ 11364 രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമുള്ളതും 39 രൂപ പെർഫോമൻസ് ഓഡിറ്റിന്റെ നിർദ്ദേശ പ്രകാരം ഒടുക്കിയിട്ടുള്ളതുമാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2007-08 | 3-51-1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-ലക്ഷ്യം കൈവരിച്ചിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-7-2018 ലെ സിറ്റിംഗിൽ വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 2016-17 | പൊതുവായ അവലോകനം | വസ്തു നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | തൊഴിൽ നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-2, 2.3, 2.6 & 2015-16 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 31196655 |
| ഓഡിറ്റ് വർഷത്തെ വരവ് | 129968242 |
| ആകെ | 161164897 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 144241819 |
| നീക്കിയിരിപ്പ് | 16923078 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2753(ഭാഗം-3)<br>27176(ഭാഗം-1) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 174961 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 2753 | ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 50000 | ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ് അയിലൂർ |
| 1-26 | 124961 | ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ് അയിലൂർ |
| ആകെ | 174961 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-43(1) | 23541 | ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ |
| 1-43(2) | 3635 | ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ |
| ആകെ | 27176 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-42(1) – 510 – സ്റ്റാമ്പ് ഡ്യൂട്ടി – ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ

1-42(2) – 680 – സ്റ്റാമ്പ് ഡ്യൂട്ടി – ശ്രീമതി.കാവ്യ.കെ.കുമാർ, അസി. എഞ്ചിനിയർ

1-42(3) – 720 – സ്റ്റാമ്പ് ഡ്യൂട്ടി – ശ്രീമതി.കാവ്യ.കെ.കുമാർ, അസി. എഞ്ചിനിയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ് അയിലൂർ | സേവനത്തിൽ നിന്നും വിരമിച്ചു. | അറക്കൽ ഹൗസ്, നണ്ടൻകിഴായ, ആനമാറി(പി.ഒ), പാലക്കാട്-678506 |
| ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, അയിലൂർ ഗ്രാമപഞ്ചായത്ത് | രോഹിണി ഹൗസ്, പടിഞ്ഞാറ്റിൻകര(പി.ഒ), പാല, കോട്ടയം-686571 |
| ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | ചിറ്റടി കളം, കരിപ്പോട്(പി.ഒ), പാലക്കാട്-678503 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |

| | | |
|---|---|---|
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |
| 2009-2010 2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |
| 2012-13, 2013-14 & 2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |
| 2016-17 | നം.കെ.എസ്.എ-പികെഡി-പി18-1645/2017/08.09.2017 | 23 |
| 2017-18 | നമ്പർ കെഎസ്എ പികെഡി18-281/2019 /26.03.2019 | 28 |
| 2018-19 | നം. കെ.എസ്.എ-പെികഡി18/1729/2019 | 27 |
| 2019-20 | നം. കെ.എസ്.എ-പെികഡി18/1365/21 | 23 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്കുകളിലെ വിവിധ പത്രികകൾ- സംക്ഷിപ്തം

| Ayilur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31158610.00 |
| Cash | Cash | RP-40(a) | 38045.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 668480.00 |
| 140000000 | Fees & User Charges | RP-4 | 593869.00 |
| 150000000 | Sale & Hire Charges | RP-5 | 499999.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 107397909.00 |
| 171000000 | Interest Earned | RP-9 | 281201.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13251935.00 |
| 350000000 | Other Liabilities | RP-36 | 120387.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 448154.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11403.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 1080000.00 |
| 340000000 | Deposits Received | RP-34 | 969328.00 |
| 350000000 | Other Liabilities | RP-36 | 313844.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2760950.00 |
| 460000000 | Loans, Advances and Deposits | RP-47 | 1570783.00 |
| | Grand total | | 161164897.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2812947.00 |
| 220000000 | Administrative Expenses | RP-12 | 1240345.00 |
| 230000000 | Operations & Maintenance | RP-13 | 2618938.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11407199.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40059104.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 19114151.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2032307.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1519217.00 |
| 255000000 | Maintenance Projects | RP-20 | 23473613.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2120487.00 |
| 350000000 | Other Liabilities | RP-36 | 4835967.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2036.00 |
| 340000000 | Deposits Received | RP-34 | 396428.00 |
| 350000000 | Other Liabilities | RP-36 | 999999.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 21586498.00 |
| 412000000 | Capital work in Progress | RP-40 | 562490.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8089293.00 |
| 460000000 | Loans, Advances and Deposits | RP-47 | 1370800.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16908012.00 |
| Cash | Cash | RP-40(b) | 15066.00 |
| | Grand Total | | 161164897.00 |

Ayilur Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3626492.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 181640.00 |
| 140000000 | Fee & User Charges | I-4(b) | 775561.00 |
| 150000000 | Sale & Hire Charges | I-5(b) | 499999.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 256858636.00 |
| 171000000 | Interest Earned | I-8 | 281201.00 |
| 180000000 | Other Income | I-9 | 205538.00 |
| | Total Income | | 262429067.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9183527.00 |
| 220000000 | Administrative Expenses | I-11(b) | 1240345.00 |
| 230000000 | Operations & Maintenance | I-12(b) | 3106212.00 |
| 240000000 | Interest & Finance Charges | I-13 | 2036.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11407199.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 94537893.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 19114151.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2032307.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 74250717.00 |
| 255000000 | Maintenance Projects | I-14(e) | 23473613.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 295900.00 |
| 272000000 | Depreciation | I-17(a) | 12987497.00 |
| | Total Expenditure | | 251631397.00 |
| | Gross Surplus/ Deficit of income over Expenditure | | 10797670.00 |
| | Gross Surplus/ Deficit of income over Expenditure | | 10797670.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| Ayilur Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 57007025.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 104476018.00 |
| | Total Reserve & Surplus | | 161483043.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3897968.00 |
| | Total Grants, Contributions for Specific Purposes | | 3897968.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 35742706.00 |
| | Total Loans | | 35742706.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 943023.00 |
| 350000000 | Other Liabilities | B-9 | 1710909.30 |
| | Total Current Liabilities and Provisions | | 2653932.30 |
| | TOTAL LIABILITIES | | 203777650.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 166541743.00 |
| 411000000 | Accumulated Depreciation | B-11 | -23798107.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 142743636.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8089293.00 |
| 440000000 | Pre-paid Expenses | B-16 | 35742706.00 |
| 450000000 | Cash and Bank Balance | B-17 | 16923078.00 |
| 460000000 | Loans, Advances and Deposits | B-18 | 278937.00 |
| | Total Current Assets, Loans and Advances | | 61034014.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 203777650.00 |

Digitally signed 2021.05.12 12:58:3

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)